കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ബുധനൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA.ALP/P.3/1156/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 31/10/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബുധനൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP/P.3/1156/2023 തീയ്യതി: 31/10/2023

ആലപ്പുഴ ജില്ലയിലെ ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ആർ.രാജീവ്	ഡപ്യൂട്ടി ഡയറക്ടർ	16-08-2023	23-08-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
16-08-2023	23-08-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
സിന്ധ്യ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഫമിൻ എസ്.എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഉണ്ണികൃഷ്ണൻ.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി.ആർ.പുഷ്പലതാ മധു	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ.സി.പി.വിൻസന്റ്	സെക്രട്ടറി	01-04-2022	09-10-2022
ശ്രീ.മനോജ്.ജി	സെക്രട്ടറി	10-10-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ.തോമസ് ചെറിയാൻ	വെറ്ററിനറി സർജൻ	01-04-2022	31-03-2023
ശ്രീമതി.സ്വപ്ന ചന്ദ്രൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2022	05-01-2023
ശ്രീമതി.മിനി മോൾ എം.എസ്	ഐ.സി.ഡി.എസ് സൂപ്പർവൈസർ	06-01-2023	31-03-2023
ഡോ.ഷീജ പി.എൻ	മെഡിക്കൽ ഓഫീസർ, (ആരോഗ്യം)	01-04-2022	31-03-2023
ഡോ.ഐശ്വര്യ നായർ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2022	31-03-2023
ശ്രീമതി.മിനി കെ	എച്ച്.എം	01-04-2022	31-03-2023
ശ്രീമതി.ഷീജ.വി.എസ്	അസിസ്റ്റന്റ് എൻജിനീയർ	01-04-2022	31-03-2023
ശ്രീമതി.റെജിമോൾ.ടി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	31-03-2023
ശ്രീ.റജി അലക്സ്	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2022	31-03-2023
ശ്രീ.പ്രതീപ്. കെ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എണ്ണയ്ക്കാട് സർക്കിൾ)	01-04-2022	31-03-2023
വേക്കന്റ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബുധനൂർ സർക്കിൾ)	01-04-2022	15-02-2023
ശ്രീ.ശിവനേഷ് എസ്.യു	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബുധനൂർ സർക്കിൾ)	16-02-2023	31-03-2023
ശ്രീമതി.സൂസൻ തോമസ്	കൃഷി ഓഫീസർ	01-04-2022	28-07-2022
ശ്രീ.ബിപിൻ എം	കൃഷി ഓഫീസർ	29-07-2022	17-11-2022

ശ്രീമതി. സൂജാ ഭായി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	31-03-2023
ശ്രീമതി.പാർവ്വതി.സി.	കൃഷി അസിസ്റ്റന്റ് ഗ്രേഡ് I (ഇൻ ചാർജ്ജ്)	18-11-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൌണ്ടിംഗ് ചട്ടങ്ങൾ നിർദ്ദേശിക്കുന്ന എല്ലാ പത്രികകളും ഉൾപ്പെടുത്തിയില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിൽ വ്യതിയാനം	1-1-2
4	തനത് വരുമാനങ്ങളുടെ ഡിമാൻഡ് തത്സമയം ചെയ്യുന്നില്ല	1-1-3
5	വർഷങ്ങളായി തുടരുന്ന ട്രാവൽ അലവൻസ് മുൻകൂർ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല	1-1-4
6	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് നൽകിയ മുൻകൂർ വർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല	1-1-5
7	നിർവ്വഹണ ഏജൻസികൾക്ക് നൽകിയ മുൻകൂറിൽ അവശേഷിക്കുന്ന തുകയുടെ കൃത്യത പരിശോധിച്ചുറപ്പിക്കേണ്ടതാണ്	1-1-6
8	നിർവ്വഹണ ഏജൻസിക്കുള്ള മുൻകൂറുകൾ പേയ്മെന്റ് എന്ന നിലക്ക് അക്കൌണ്ട് ചെയ്തു	1-1-7
9	സാമൂഹ്യ സുരക്ഷാ പെൻഷൻ-സേവന സോഫ്റ്റ്‌വെയറിലെ ചെലവ് AFS മായി പൊരുത്തപ്പെടുന്നില്ല	1-1-8
10	മുൻവർഷ വരവ് തൻ വർഷ ഡിമാൻഡിൽ ഉൾപ്പെടുത്തിയില്ല	1-1-9
11	ഗുണഭോക്തൃവിഹിതം ബാധ്യതയായി വലിയതുക വാർഷികകണക്കുകളിൽ ഉൾപ്പെടുന്നു	1-1-10
12	ഓഡിറ്റ് റിക്കവറി തുക പഞ്ചായത്ത് ഫണ്ടിൽ തുടരുന്നു	1-1-11
13	B-9 പട്ടികയിൽ നെഗറ്റീവ് സംഖ്യകൾ ഉൾപ്പെടുന്നു	1-1-12
14	ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി പാർട്ട് ബിൽ അക്കൌണ്ട് ചെയ്തില്ല	1-1-13
15	ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന നിലക്ക് ഉൾപ്പെടുത്തിയിരുന്ന തുക ആസ്തിയാക്കി മാറ്റിയില്ല	1-1-14
16	കാലഹരണപ്പെട്ട ചെക്കുകൾ സ്റ്റെയിൽചെക്ക് ഹെഡ്ഡിലേക്ക് മാറ്റിയില്ല	1-1-15
17	കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽകൂട്ടിയിട്ടില്ല	1-1-16
18	ബാങ്ക് റിക്കൺസിലിയേഷൻ	1-1-17
19	തുക ഉൾപ്പെടുന്നതിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല	1-1-18
20	ഇല്ലാത്ത ബാധ്യത വാർഷിക കണക്കുകളിൽ ഉൾപ്പെടുന്നു	1-1-19
21	ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല	1-1-20
22	ഓഡിറ്റ് റിക്കവറി തെറ്റായി അക്കൌണ്ട് ചെയ്തു	1-1-21
23	ബജറ്റ്	1-2

24	സാമ്പത്തിക വിശകലനം	1-3
25	ഫണ്ട് വിനിയോഗം (വാർഷിക കണക്കുകൾ പ്രകാരം)	1-4
26	പദ്ധതി അവലോകനം	1-5
27	ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
28	ക്ഷേമപദ്ധതികൾ	1-7
29	ക്യാഷ് വേരിഫിക്കേഷൻ	1-8
30	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-9
31	ടാക്സ് ഓഡിറ്റ് : തനത് വരുമാനം-വിഭവസമാഹരണത്തിൽ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും-ലഘു അവലോകനം	1-10
32	വസ്തുനികുതി- റോഡ് വിസ്തൃതി പരിഗണിക്കാതെ വസ്തുനികുതി നിർണ്ണയിച്ചു	1-11
33	വസ്തുനികുതി- മേൽത്തരം തറനിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തുന്നില്ല	1-12
34	വസ്തുനികുതി - അനധികൃത നികുതി ഇളവുകൾ പുനപരിശോധിക്കണം	1-13
35	മൊബൈൽ ടെലി കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല- തനതു് വരുമാനം നഷ്ടമാകുന്നു	1-14
36	പുതിയ വില്ലേജ് ഓഫീസ് മന്ദിരത്തിന് വസ്തുനികുതി ചുമത്തിയില്ല	1-15
37	തൊഴിൽ നികുതി- എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്താനായില്ല	1-16
38	ഇൻഫന്റ് ജീസസ് സ്കൂളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല	1-17
39	സപ്ലൈകോ സ്റ്റോറുകളും റേഷൻ കടകളും ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെയല്ല പ്രവർത്തിക്കുന്നത്	1-18
40	സർക്കാരിലേക്ക് ഒടുക്കേണ്ട തുകകൾ തനത് ഫണ്ടിൽ തുടരുന്നു	1-19
41	സോളാർ പവർ പാനൽ - സ്ഥാപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പഞ്ചായത്തിന് വരുമാനദായകമാക്കാൻ കഴിഞ്ഞിട്ടില്ല	1-20
42	കെ.എസ്.ഇ.ബി തെരുവ് വിളക്കുകളുടെ മീറ്ററിംഗിന് നിലവിലില്ലാത്ത ഉയർന്ന നിരക്കുള്ള ഇൻകാൻഡസെന്റ് ബൾബുകളും ഫ്ലൂറസെന്റ് ട്യൂബുകളും ഉൾപ്പെടുത്തുന്നു	1-21
43	വി.ഇ.ഒ നിർവ്വഹിച്ച പ്രോജക്ടുകൾ -അംഗീകൃത നിരക്കിലധികമായി സബ്സിഡി നൽകി	1-22
44	വനിതകൾക്ക് സ്വയം തൊഴിലിന് ഇരുചക്ര വാഹനം - 7140/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല, 282000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-23
45	വനിത ഗ്രൂപ്പുകൾക്ക് ജലസേചനത്തിന് മോട്ടോർ വാങ്ങൽ - അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു	1-24
46	വനിതകൾക്ക് ഫിറ്റ്നെസ്സ് സെന്റർ സ്ഥാപിക്കൽ - വാങ്ങിയ ഉപകരണങ്ങൾ	1-25

	സാംസ്കാരിക നിലയത്തിൽ സൂക്ഷിച്ചിരിക്കുന്നു	
47	ടൂറിസം പദ്ധതികൾക്കായി വാങ്ങിയ സ്ഥലം ഉപയോഗപ്രദമാക്കിയില്ല	1-26
48	വിവിധ നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച് വ്യക്തതയില്ല- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല	1-27
49	ഹരിത കർമ്മസേനയ്ക്കായി വാങ്ങിയ ഇലക്ട്രിക് ഓട്ടോ ഉപയോഗിക്കുന്നില്ല	1-28
50	റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് - പ്രവൃത്തി പൂർത്തീകരിച്ചില്ല	1-29
51	കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല	1-30
52	വാഹന പരിപാലനം - ഇന്ധന ക്ഷമത ടെസ്റ്റ് കൃത്യമായ ഇടവേളകളിൽ നടത്തുന്നില്ല	1-31
53	താൽക്കാലിക നിയമനങ്ങൾ - നടപടിക്രമങ്ങൾ പാലിക്കുന്നില്ല	1-32
54	ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമല്ല	1-33
55	അഗതി രഹിത കേരളം പദ്ധതി - ഭക്ഷ്യക്കിറ്റ് വിതരണം നടക്കുന്നില്ല	1-34
56	മരുന്ന് വാങ്ങൽ-സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല	1-35
57	പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല	1-36
58	ബഡ്സ് സ്കൂൾ- ഫണ്ട് ലഭ്യമായിട്ടും പ്രവർത്തനം ആരംഭിക്കേണ്ടതില്ലെന്ന് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തു	1-37
59	ബയോബിൻ, ബക്കറ്റ് ബിൻ വിതരണം - ഐ.ആർ..റ്റി.സി ക്ക് നൽകിയ കരാർ തുകയിൽ നിന്ന് നികുതികൾ കുറവ് ചെയ്തില്ല	1-38
60	ഇളക്കിമാറ്റിയ ഇന്റർലോക്ക് കട്ടകളുടെ പുനരുപയോഗം ഉറപ്പാക്കണം	1-39
61	ഓഡിറ്റ് ഇംപാക്ട് - കരാർ പ്രവൃത്തിയിൽ കുറവ് ചെയ്യാതിരുന്ന ആദായ നികുതി തിരികെ ഒടുക്കി	1-40
62	അങ്കണവാടി - പകുതിയിൽ കൂടുതൽ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടമില്ല.	1-41
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	വനിതകൾക്ക് ഇരുചക്രവാഹനം 7140/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല	3-1
2	വനിത ഗ്രൂപ്പുകൾക്ക് ജലസേചനത്തിന് മോട്ടോർ വാങ്ങൽ -18298/- രൂപ അധിക സബ്സിഡി അനുവദിച്ചു	3-2
3	വി.ഇ.ഒ നിർവ്വഹിച്ച പ്രോജക്ടുകൾ -അംഗീകൃത നിരക്കിലധികമായി സബ്സിഡി നൽകി	3-3

ഭാഗം 4		
1	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ / വായ്പാതിരിച്ചടവ്	4-4
5	സ്ഥിര നിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിശദാംശം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22.07.2023 ലെ ഒന്നാം നമ്പർ കമ്മറ്റി തീരുമാന പ്രകാരം തയ്യാറാക്കി 29.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ആലപ്പുഴ ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൌണ്ടിംഗ് ചട്ടങ്ങൾ നിർദ്ദേശിക്കുന്ന എല്ലാ പത്രികകളും ഉൾപ്പെടുത്തിയില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെപ്പറയുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1) റേഷ്യോസ്

2) അക്കൗണ്ടിന്മേലുള്ള സെക്രട്ടറിയുടെ കുറിപ്പുകൾ

1-1-2 ക്യാഷ് ഫ്ലോ പത്രികയിൽ വ്യതിയാനം

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 തനത് വരുമാനങ്ങളുടെ ഡിമാൻഡ് തത്സമയം ചെയ്യുന്നില്ല

തനത് വരുമാന സ്രോതസ്സുകളായ വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവയുടെ (Own Source Revenue) അക്കൌണ്ടിംഗിൽ ഡിമാൻഡ് എൻട്രി തത്സമയം ചെയ്യുന്നില്ല.

1-1-4 വർഷങ്ങളായി തുടരുന്ന ട്രാവൽ അലവൻസ് മുൻകൂർ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല

താഴെ പറയുന്ന വൌച്ചറുകൾ പ്രകാരം 80000/- രൂപ ട്രാവൽ അലവൻസ് മുൻകൂറായി നൽകിയിട്ടുണ്ട്.

തീയതി	തുക കൈപ്പറ്റിയവർ	മുൻകൂർ തുക
19/04/2018	പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി	30000
11/09/2018	പ്രസിഡന്റ്	50000
		80000

എന്നാൽ നാളിതുവരെയും ഈ തുക ക്രമീകരിച്ചതായി കാണുന്നില്ല. സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

1-1-5 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് നൽകിയ മുൻകൂർ വർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് ഈ വർഷം ഭരണചെലവുകൾക്കായി നൽകിയ മുൻകൂർ തുകയിൽ റീകൂപ്പ് ചെയ്ത തുക കിഴിച്ച് 1465096/- രൂപ മാത്രമാണ് മുൻകൂറായി അവശേഷിക്കുന്നത്. എന്നാൽ Advance To Others ൽ ഉൾപ്പെട്ട മറ്റ് തുകകൾ ഉൾപ്പെടെ 3186109/- രൂപ അവശേഷിക്കുന്നു. Advance To Others ൽ ഉൾപ്പെട്ട മറ്റ് തുകകളുടെ കൃത്യത റിപ്പോർട്ട് ചെയ്യേണ്ടതാണ്.

1-1-6 നിർവ്വഹണ ഏജൻസികൾക്ക് നൽകിയ മുൻകൂറിൽ അവശേഷിക്കുന്ന തുകയുടെ കൃത്യത പരിശോധിച്ചുറപ്പിക്കേണ്ടതാണ്

നിർവ്വഹണ ഏജൻസികൾക്ക് നൽകിയ മുൻകൂറിന്റെ വിവരങ്ങൾ അടങ്ങിയ ലെഡ്ജറിൽ ഉൾപ്പെട്ടിട്ടുള്ള തുക പലതും വർഷങ്ങൾ പഴക്കമുള്ളതാണ്. നിർവ്വഹണത്തിന്റെ കൃത്യത പരിശോധിച്ചുറപ്പാക്കുന്നതിന് കഴിയുന്നില്ല. നിർവ്വഹണ ഏജൻസികൾക്ക് നൽകിയ മുൻകൂറിൽ അവശേഷിക്കുന്ന തുകയുടെ കൃത്യത പരിശോധിച്ചുറപ്പിക്കേണ്ടതാണ്. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-7 നിർവ്വഹണ ഏജൻസിക്കുള്ള മുൻകൂറുകൾ പേയ്മെന്റ് എന്ന നിലക്ക് അക്കൌണ്ട് ചെയ്തു

2022-23 വർഷം വിവിധ നിർവ്വഹണ ഏജൻസികൾക്ക് (KSEB, KWA) പ്രവർത്തി നിർവ്വഹണത്തിനായി മുൻകൂറുകൾ നൽകിയിട്ടുണ്ട്. വിനിയോഗവിവരങ്ങളില്ലാത്ത ടി തുകകൾ വാർഷിക കണക്കുകളിൽ മുൻകൂർ എന്ന നിലക്ക് ഉൾപ്പെടുത്തിയിട്ടില്ല.

1-1-8 സാമൂഹ്യ സുരക്ഷാ പെൻഷൻ-സേവന സോഫ്റ്റ്‌വെയറിലെ ചെലവ് AFS മായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന പെൻഷൻ വിവരങ്ങളും സേവന സോഫ്റ്റ്‌വെയർ

വിവരങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-9 മുൻവർഷ വരവ് തൻ വർഷ ഡിമാൻഡിൽ ഉൾപ്പെടുത്തിയില്ല

തൊഴിൽ നികുതി ഇത്തിലെ മുൻവർഷ വരവ് (Advance Collection) തൻവർഷ ഡിമാൻഡ് ആയി മാറ്റിയിട്ടില്ല.

1-1-10 ഗുണഭോക്തൃവിഹിതം ബാധ്യതയായി വലിയതുക വാർഷികകണക്കുകളിൽ ഉൾപ്പെടുന്നു

ഗുണഭോക്തൃവിഹിതമിനത്തിൽ മുന്നിരിപ്പായി തുടരുന്ന തുകയുടെ കൃത്യത പരിശോധിക്കുന്നതിനുള്ള രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

1-1-11 ഓഡിറ്റ് റിക്കവറി തുക പഞ്ചായത്ത് ഫണ്ടിൽ തുടരുന്നു

350 400 999 എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തിയ (Recoverie Payable)സർക്കാരിലേക്ക് ഒടുക്കുവാനുള്ളതെങ്കിൽ ട്രഷറിയിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

1-1-12 B-9 പട്ടികയിൽ നെഗറ്റീവ് സംഖ്യകൾ ഉൾപ്പെടുന്നു

B-9 ഷെഡ്യൂളിൽ താഴെ പറയുന്ന ഹെഡ്ഡുകളിൽ നെഗറ്റീവ് സംഖ്യകളാണ്. കാരണം വിശദമാക്കേണ്ടതാണ്.

ഹെഡ് കോഡ്-350200201,350200203,350200205,350200206,350300199

1-1-13 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി പാർട്ട് ബിൽ അക്കൌണ്ട് ചെയ്തില്ല

പാർട്ട് ബില്ലുണ്ടെങ്കിലും കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സിൽ തുകയൊന്നും രേഖപ്പെടുത്തിയിട്ടില്ല.

1-1-14 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന നിലക്ക് ഉൾപ്പെടുത്തിയിരുന്ന തുക ആസ്തിയാക്കി മാറ്റിയില്ല

ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന നിലക്ക് ഉൾപ്പെടുത്തിയിരുന്ന തുകക്ക് മതിയായ ജേണൽ എൻട്രി നടത്തി അസറ്റ് ആയി മാറ്റിയിട്ടില്ല. 2021-22 ലെ തുക തന്നെയാണ് നിലവിലും തുടരുന്നത്.

1-1-15 കാലഹരണപ്പെട്ട ചെക്കുകൾ സ്റ്റെയിൽചെക്ക് ഹെഡ്ഡിലേക്ക് മാറ്റിയില്ല

കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റെയിൽ ചെക്കുകൾ എന്ന നിലയിലേക്ക് മാറ്റി അക്കൌണ്ട് ചെയ്തിട്ടില്ല.

1-1-16 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽകൂട്ടിയിട്ടില്ല

കാലഹരണപ്പെട്ട നിക്ഷേപങ്ങൾ മുതൽകൂട്ടിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2014-15 മുതലുള്ള നിക്ഷേപങ്ങൾ ബാധ്യതയായി തുടരുന്നു.

1-1-17 ബാങ്ക് റിക്കൺസിലിയേഷൻ

കേരള ബാങ്കിലെ തനത് ഫണ്ട് അക്കൌണ്ടിന്റെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ചെക്ക് ഇഷ്യൂഡ് ബട്ട് നോട്ട് പ്രസന്റഡ് എന്ന രീതിയിൽ 2019 മുതലുള്ള ചെക്കുകൾ കാണിച്ചാണ് പൊരുത്തപ്പെടുത്തലുകൾ നടത്തിയത്. അതുപോലെ ക്യാഷ്/ചെക്ക് ഡെപ്പോസിറ്റഡ് നോട്ട് കളക്റ്റഡ് എന്ന രീതിയിൽ 2021 മുതലുള്ള ചെക്കുകളും നിൽക്കുന്നു. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-1-18 തുക ഉൾപ്പെടുന്നതിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല

450210104 എന്ന ഹെഡ്ഡിൽ -2800000/- രൂപ ഉൾപ്പെടുന്നതിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല.

1-1-19 ഇല്ലാത്ത ബാധ്യത വാർഷിക കണക്കുകളിൽ ഉൾപ്പെടുന്നു

350400501 എന്ന ഹെഡ്ഡിൽ ഉൾപ്പെടുന്ന തുക 160000/- രൂപ (സാവിത്രി അമ്മ/രാജശേഖരൻ പിള്ള എന്നയാൾക്ക് നൽകിയ തുക അക്കൌണ്ടിൽ ക്രഡിറ്റ് ആകാതെ NEFT Return വന്ന തുക മറ്റൊരു ഗുണഭോക്താവിന് നൽകിയെങ്കിലും (പേയ്മെന്റ്-29-08-22) നിലവിലും തുക ബാധ്യത ഹെഡ്ഡിൽ നിന്നും മാറ്റിയിട്ടില്ല.

1-1-20 ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

350300109 എന്ന ഹെഡ് പ്രകാരം 181364/- രൂപ സർക്കാരിലേക്ക് തിരികെ അടക്കുവാൻ ബാക്കിയുണ്ട്. ഓഡിറ്റ് റിക്കവറി സംബന്ധിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ സർക്കാരിലേക്ക് ഒടുക്കേണ്ട തുകയുടെ കൃത്യത പരിശോധിച്ചുറപ്പാക്കാനായില്ല.

1-1-21 ഓഡിറ്റ് റിക്കവറി തെറ്റായി അക്കൌണ്ട് ചെയ്തു

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവ് ഉണ്ടെങ്കിലും ആയത് തെറ്റായ ഹെഡ്ഡ് തെരെഞ്ഞെടുത്തത് മൂലം വാർഷിക കണക്കുകളിൽ ബാധ്യതയായി ഉൾപ്പെടുന്നില്ല.

1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 24.03.22 ലെ I(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകളുടെ വിശദാംശം താഴെ കൊടുക്കുന്നു.

ഇനം	വരവ്	ചെലവ്
ബജറ്റ് പ്രകാരം	244326823	243486004
വാർഷിക കണക്ക് പ്രകാരം	143197131	143710477

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	13031625
വരവ്	31245161
ആകെ	44276786
ചെലവ്	41347249
നീക്കിയിരിപ്പ്	2929537

1-4 ഫണ്ട് വിനിയോഗം (വാർഷിക കണക്കുകൾ പ്രകാരം)

ഫണ്ടിനം	മുൻബാക്കി*	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്*

				(സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ)	
വികസനഫണ്ട് പൊതുവിഭാഗം	0	13097000	13097000	12225885	871115
വികസനഫണ്ട് എസ്.സി.പി.	0	9066000	9066000	8114483	951517
വികസനഫണ്ട് ടി.എസ്.പി.	0	0	0	0	0
സംരക്ഷണഗ്രാന്റ് റോഡ്	0	8158000	8158000	6882906	1275094
സംരക്ഷണഗ്രാന്റ് നോൺറോഡ്	0	4570000	4570000	4048197	521803
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	0	4162360	4162360	4162360	0
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-അൺടൈഡ്	0	2376183	2376183	2263883	112300

(*നീക്കിയിരിപ്പായി ബാങ്ക് അക്കൌണ്ടിൽ തുക നിലനിൽക്കുന്ന ഫണ്ടുകളുടെ സംഗതിയിൽ)

1-5 പദ്ധതി അവലോകനം

2022-23 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ചത്-ശതമാനം
150	118334334	109	56036537	34	7	72.66%

1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ (തൻവർഷ വരവ്)	4565	1066320	1070885	1736320	152707
ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്	0	41605665	41605665	41605665	0

1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം

തൊഴിൽരഹിത വേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	4628700	386
വിധവാ പെൻഷൻ	10307900	911
വാർദ്ധക്യകാല പെൻഷൻ	22922400	2025
ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	3571200	291
അവിവാഹിതപെൻഷൻ	219200	21
വിധവകളുടെ പെൺ മക്കൾക്കുള്ള വിവാഹ ധനസഹായം	90000	3

1-8 ക്യാഷ് വേരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.08.2023 ൽ 3.30 P.M. ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,905/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമല്ല. ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിക്കുന്നില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നില്ല. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. പഞ്ചായത്തിന്റെ തനത് ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. തൻവർഷം വാങ്ങിയ ലാന്റ് ആസ്തി ഉൾപ്പെടെയുള്ള ആസ്തികൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

4. ആസൂത്രണത്തിലെ അഭാവം കാരണം വരുമാനദായകമാകേണ്ട ആസ്തികൾ ഉപയോഗയോഗ്യമാക്കാനാകുന്നില്ല. പുതിയ തനതു വരുമാനമേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യ സ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല.

5. പദ്ധതിനിർവ്വഹണ സംബന്ധമായ ട്രാൻസാക്ഷനുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.

6. തെരുവ് വിളക്ക് - വൈദ്യുതി ചാർജ്ജ് നിർണ്ണയം സുതാര്യമല്ല- മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറേണ്ടതാണ്.

7. ഓഡിറ്റ് റിപ്പോർട്ടുകളിൻ മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നില്ല. ആയതിനാൽ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലെ അപാകതകൾ നിലവിലും പരിഹരിക്കപ്പെടുന്നില്ല.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-10 ടാക്സ് ഓഡിറ്റ് : തനത് വരുമാനം-വിഭവസമാഹരണത്തിൽ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും-ലഘു അവലോകനം

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ്. ഏറ്റവും വലിയ തനത് വരുമാന ഇനമായ വസ്തുനികുതി നിയമാനുസൃത ഒഴിവുകളില്ലാത്ത എല്ലാ പാർപ്പിടാവശ്യ കെട്ടിടങ്ങളിൽ നിന്നും പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കുന്നു(കേരള പഞ്ചായത്ത് രാജ് നിയമം 203). രണ്ടാമത്തെ വലിയ തനത് വരുമാന ഇനമായ തൊഴിൽ നികുതി ജീവനക്കാർ, വ്യാപാരം, വ്യവസായം എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നീ ഇനങ്ങളിലായി നിയമപ്രകാരം ഈടാക്കാം(കേരള പഞ്ചായത്ത് രാജ് നിയമം 204). സിനിമ ഉൾപ്പെടെയുള്ള വിനോദപരിപാടികളുടെ ടിക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി വിനോദം നൽകുന്ന സ്ഥാപനം നൽകുന്ന ജി.എസ്.ടി റിട്ടേണുകളെ ആസ്പദമാക്കിയാണ് വിനോദ നികുതി ഗ്രാമപഞ്ചായത്തുകൾ സ്വീകരിക്കുന്നത്.

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് ടാക്സ് ഇവേഷനും നികുതി ശോഷണത്തിനും ഇടയാക്കുന്നു. നികുതി നികുതി ഇതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

നികുതി ഇതരവരുമാന മേഖലകളിൽ കെട്ടിട നിർമ്മാണ പെർമ്മിറ്റ് ഫീസ്, വിവിധ ലൈസൻസുകളുടെ ഫീസ്, രജിസ്ട്രേഷൻ ഫീസുകൾ, തനത് ആസ്തികളിൽ നിന്നുള്ള വരുമാനം (ലേലം, വാടക, തറ വാടക, യൂസർ ഫീസ് മുതലായവ) എന്നിവ ഉൾപ്പെടുന്നു. ഗ്രാമപഞ്ചായത്തുകളുടെ വരുമാന മേഖലകൾ പൊതുവിലും ബുധനൂർ ഗ്രാമപഞ്ചായത്തിലെ സാഹചര്യങ്ങൾ പ്രത്യേകിച്ചും അവലോകനം ചെയ്ത് തയ്യാറാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

1) പുതിയ തനതുവരുമാന മേഖലകൾ :

പുതിയ തനതുവരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യസ്ഥിരം സമിതിയുടെയോ പഞ്ചായത്ത് സമിതിയുടെയോ തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന് സ്വന്തമായി സ്ഥലമുള്ള ഭാഗം വാണിജ്യപരമായി പ്രാധാന്യമുള്ളതെങ്കിൽ, അവിടങ്ങളിൽ കടമുറികൾ നിർമ്മിച്ച് തനത് വാടകവരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമിതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വാണിജ്യപരമായി പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങളോ സ്ഥലങ്ങളോ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് പരിശോധന വിധേയമാക്കേണ്ടതാണ്.

പുതിയതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾ/പഞ്ചായത്തിന്റെ നികുതി സംബന്ധിക്കുന്ന വിവരഅടിത്തറയിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങൾ എന്നിവ സംബന്ധിക്കുന്ന ചർച്ചകൾ ധനകാര്യ സ്ഥിരം സമിതിയിൽ ഉണ്ടായിട്ടില്ല. പെട്രോൾ പമ്പുകളിലെ ജീവനക്കാർ, ധനകാര്യ പണമിടപാട് സ്ഥാപനങ്ങൾ എന്നിവയെല്ലാം നികുതി ശ്രിംഖലക്ക് പുറത്താണ്. വിശദ വിവരങ്ങൾ മറ്റ് ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2) തനത് വരുമാനങ്ങൾ നിശ്ചിതസമയത്തിനുള്ളിൽ പിരിച്ചെടുക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ :

വാർഷിക കണക്കുകൾ പ്രകാരം പഞ്ചായത്തിന് കുടിശ്ശികയില്ല. തൊഴിൽ നികുതി സംന്ധിക്കുന്ന ഡിമാൻഡിൽ എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്താത്ത് കാരണം കുടിശ്ശിക ഉണ്ടായിട്ടും കുടിശ്ശിക സംബന്ധിക്കുന്ന വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടാത്ത സാഹചര്യമുണ്ട്. തൊഴിൽ നികുതിയുടെ ഡിമാൻഡ് പൂർണ്ണമല്ലാത്ത സാഹചര്യമാണുള്ളത്.(ഖണ്ഡിക കണ്ടാലും)

3) ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നിർമ്മാണം നടത്തുന്നവർക്കെതിരെ നടപടികൾ

സ്വീകരിക്കുന്നില്ല /അനധികൃത നിർമ്മിതികളെ വസ്തുനികുതി ചുമത്തുന്നില്ല

ചട്ടവിരുദ്ധമായി തുറസ്സായ സ്ഥലം കെട്ടിയടച്ച് നിർമ്മാണം നടത്തുന്നവർ, ലീക്ക് പ്രൂഫ് എന്ന വ്യാജേന കെട്ടിടത്തിന് അധിക നിലനിർമ്മിച്ച് വിവിധങ്ങളായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നവർ എന്നിവരെയൊന്നും കണ്ടെത്തി, പട്ടിക തയ്യാറാക്കി നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. അനധികൃത അധിക നിർമ്മിതികളെ തിരിച്ചറിഞ്ഞ് നടപടികൾ സ്വീകരിക്കാത്തത്, ക്രമവൽക്കരിക്കാവുന്ന കെട്ടിടങ്ങളിൽ നിന്നും പഞ്ചായതത്തിന് ലഭിക്കേണ്ടതായ വസ്തുനികുതി നഷ്ടമാക്കുന്നുണ്ട്. വളരെക്കുറച്ച് കെട്ടിടങ്ങൾ മാത്രമാണ് അനധികൃതമായുള്ളത് എന്ന നിലയിലാണ് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വസ്തുനികുതി നിർണ്ണയത്തിനായി അപേക്ഷ സമർപ്പിക്കുന്നവർ, അപാകം മൂലം മടക്കി അയക്കപ്പെട്ടാൽ പിന്നീട് ഗ്രാമപഞ്ചായത്തിലേക്ക് വരാത്ത സാഹചര്യമുണ്ട്. ഇങ്ങനെയുള്ള കെട്ടിടങ്ങൾ കണ്ടെത്തി നികുതി ചുമത്തുന്നതിന്(UA) ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്.

4) പ്രൊഫഷണലുകളിൽ നിന്നുള്ള തൊഴിൽ നികുതി വരുമാനം ഡിമാൻഡ് ചെയ്യുന്നില്ല:

നിയമാനുസൃതം സ്വയം തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൌണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയവിഭാഗം തൊഴിൽ നികുതി ചുമത്തലിൽ നിന്നും രക്ഷപെടുന്നുണ്ട്. മതിയായ വിവര അടിത്തറയുടെ അഭാവമാണ് പ്രധാന കാരണം. ബുധനൂർ ഗ്രാമപഞ്ചായത്തിലെ 2022-23 ലെ വാർഷികകണക്കുകളെ അടിസ്ഥാനപ്പെടുത്തിയാൽ ഈ ഇനത്തിൽ ഒരാളിൽ നിന്നുപോലും ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്നത് വ്യക്തമാണ്.

6) തൊഴിൽ നികുതി ഈടാക്കുന്നതിന് സോഫ്റ്റ്വേർ അധിഷ്ഠിത സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ് :

വളരെ എളുപ്പത്തിൽ ചെയ്യാവുന്ന തൊഴിൽ നികുതിയുടെ ഡേറ്റാബേസ് നാളിതുവരെയും ഡിജിറ്റലൈസ് ചെയ്തിട്ടില്ല. സ്ഥാപനങ്ങൾക്ക് പെർമനന്റ് നമ്പർ നൽകികൊണ്ട് തൊഴിൽനികുതി വിവരഅടിത്തറ ഡിജിറ്റലൈസ് ചെയ്യുന്നതിന് IKM മുഖാന്തിരം സർക്കാരിനോട് ആവശ്യപ്പെടാവുന്നതാണ്. തൊഴിൽ നികുതിയിലെ വരുമാനനഷ്ടം ഒരളവുവരെ ഇപ്രകാരം പരിഹരിക്കാവുന്നതാണ്.

7) വസ്തുനികുതി നിർണ്ണയം പൂർണ്ണമായി വാർഷിക ഓഡിറ്റിനൊപ്പം പരിശോധിക്കപ്പെടാതെ പോകുന്ന സാഹചര്യം നിലവിലുണ്ട്:

നിലവിലെ സാഹചര്യത്തിൽ പരിമിതമായ മനുഷ്യദിനങ്ങളിൽ വസ്തുനികുതി നിർണ്ണയം പൂർണ്ണമായും പരിശോധിക്കപ്പെടാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട ഓരോ രൂപയും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ഓരോ വർഷവും വസ്തുനികുതി നിർണ്ണയം നടത്തുന്ന മുഴുവൻ ഫയലുകളും ഓഡിറ്റിന് വിധേയമാക്കേണ്ടതും സംശയദൂരീകരണത്തിനായി സ്ഥലപരിശോധന ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തേണ്ടതും അനിവാര്യമാണ്. ഗ്രാമപഞ്ചായത്തുകളുടെ നികുതി അടിത്തറ ശക്തിപ്പെടുത്തിയാൽ മാത്രമെ അവയുടെ സാമ്പത്തിക അടിത്തറ ഭദ്രമാകുകയുള്ളൂ. ആയതിനാൽ നൂറ് ശതമാനം നികുതി ഓഡിറ്റിനുള്ള സാഹചര്യമുണ്ടാകണം.

8) വസ്തുനികുതി പരിഷ്കരണം പൂർണ്ണമായും പ്രത്യേക ഓഡിറ്റിന് വിധേയമാക്കിയിട്ടില്ല:

വാർഷിക വാടകമൂല്യം അടിസ്ഥാനപ്പെടുത്തി വസ്തുനികുതി നിർണ്ണയിക്കപ്പെട്ടിരുന്ന പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി പരിഷ്കരണം വർഷങ്ങളെടുത്താണ് പൂർത്തീകരിച്ചത്. 2013 ൽ ആരംഭിച്ച പരിഷ്കരണ പ്രക്രീയ പൂർത്തീകരിക്കപ്പെട്ടോയെന്ന് നിലവിലും ഒരു എക്സ്റ്റേണൽ ഏജൻസിയോ ഓഡിറ്റ് വകുപ്പോ പരിശോധിച്ചുറപ്പാക്കിയിട്ടില്ല. പൂർത്തീകരണത്തിന് പഞ്ചായത്ത് ജീവനക്കാർക്കൊപ്പം കരാറടിസ്ഥാനത്തിൽ ജോലി ചെയ്തവരും ഉൾപ്പെട്ടിരുന്നു. ഡേറ്റാ എൻട്രിയിലേയും നികുതി പരിഷ്കരണത്തിലെയും നിരവധി പിഴവുകൾ തുടർന്നുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ മുഖാന്തിരം ചൂണ്ടി

കാണിച്ചിട്ടുണ്ടെങ്കിലും അപാകങ്ങൾ നിലവിലും തുടരുന്ന സാഹചര്യമുണ്ട്. വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച ഉപയോഗക്രമം കൃത്യമായാണോ ഉൾപ്പെടുത്തിയത്, വസ്തുനികുതി നിർണ്ണയത്തിന് സ്വീകരിച്ച റോഡുകളുടെ വിസ്തൃതി, മേഖല എന്നിവ ഒരോ നികുതി നിർണ്ണയത്തിനും ഡേറ്റാ എൻട്രി നടത്തിയപ്പോൾ കൃത്യമായി ഉൾപ്പെടുത്തിയോ, മേൽത്തരം തറ നിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തിയിരുന്നോ തുടങ്ങിയ പരിശോധനകൾ നൂറുശതമാനം നടന്നിട്ടില്ല. നൂറുശതമാനം കൃത്യമാക്കാത്ത ഡേറ്റാ ബേസ് ആസ്പദമാക്കി നികുതി വീണ്ടും പരിഷ്കരിക്കേണ്ട സാഹചര്യം വസ്തുനികുതി നഷ്ടപ്പെടുത്തുന്ന സാഹചര്യമിണ്ടാക്കും. ഡേറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ടോയെന്ന് പ്രത്യേക പരിശോധനയിലൂടെ മാത്രമെ പരിശോധിച്ചുറപ്പാക്കാനാകൂ.(ഖണ്ഡിക നമ്പർ - കാണുക)

9) വസ്തുനികുതി നിർണ്ണയത്തിന് ശേഷമുള്ള പരിശോധനകൾ (പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ്) നടത്തുന്നില്ല:

കേരള പഞ്ചായത്ത് രാജ് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം-21 പ്രകാരം രണ്ട് നിലവരെയുള്ള താമസ കെട്ടിടങ്ങളും 50 ച.മീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും മതപരമായ കെട്ടിടങ്ങളും ഗ്രൂപ്പ് G1, G1, I എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങൾക്കും ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പരിശോധനകളൊന്നും തന്നെ നടത്തപ്പെടുന്നതായോ അനധികൃത നിർമ്മാണങ്ങളെയും വസ്തുനികുതി നിർണ്ണയത്തിന് ശേഷം സ്വയമോ അല്ലാതെയോ സംഭവിക്കുന്നതും വസ്തുനികുതി വർദ്ധനവിന് കാരണമായേക്കാവുന്നതുമായ അധിക സൌകര്യങ്ങളെ തിരിച്ചറിയാതെ പോകുന്നതിനുമിടയാക്കുന്നുണ്ട്.

10) വസ്തുനികുതി:സാങ്കേതിമായ പിഴവുകൾ കാരണം വസ്തുനികുതി നഷ്ടമാകുന്നു :

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 പട്ടിക-6 പ്രകാരം കെട്ടിടങ്ങൾക്ക് 250 ചതുരശ്രമീറ്ററിലധികം മേൽത്തരം വസ്തുക്കളാൽ നിർമ്മിക്കപ്പെട്ട തറയാണുള്ളതെങ്കിൽ, അടിസ്ഥാനവസ്തുനികുതിയുടെ 15 ശതമാനം വർദ്ധനവ് ആകെ വസ്തുനികുതിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്. എന്നാൽ വാണിജ്യാവശ്യ കെട്ടിടങ്ങളെ വിഭജിച്ച് ചെറിയ കെട്ടിടങ്ങളായി നമ്പർ നൽകുമ്പോൾ, ഓരോ കെട്ടിടവും 250 ചതുരശ്രീമീറ്റർ വിസ്തൃതിക്ക് താഴെ വരുന്നതിനാൽ മേൽത്തരം തറനിർമ്മിതിയെന്ന് രേഖപ്പെടുത്തിയാൽകൂടി, കെട്ടിടത്തിന് ബാധകമാകേണ്ട 15 ശതമാനം വർദ്ധനവിൽ നിന്നും രക്ഷപെടുന്ന അവസ്ഥയാണുള്ളത്. ചെറിയനാട് ഗ്രാമപഞ്ചായത്തിലെ ഡേറ്റയെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

11) സർക്കാർ ഉത്തരവ് പ്രകാരമുള്ള പുതിയ ഉപയോഗക്രമങ്ങൾക്ക് നിരക്ക് നിശ്ചയിച്ചിട്ടില്ല:

നിലവിലുള്ള ഉപയോഗക്രമങ്ങൾ നിർണ്ണയിക്കുമ്പോൾ ഉണ്ടാകുന്ന നികുതി ചോർച്ചകൾ, കാർഷികാവശ്യകെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കുക എന്നിവ ലക്ഷ്യമാക്കി പുതിയ നികുതി നിരക്കുകൾ സർക്കാർ ഉത്തരവ് മൂലം പുറപ്പെടുവിച്ചിരുന്നു. 8.9.2020 ലെ സ.ഉ(അച്ചടിച്ചത്) 53/2020 ത.സ്വ.ഭ.വ പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേ ആയി ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് നികുതി നിരക്ക് നിശ്ചയിക്കുന്നതിനും നിർദേശിച്ചിരുന്നു. പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളതും ഗ്രാമപഞ്ചായത്ത് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്താത്തതുമായ ഉപയോഗക്രമങ്ങളുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഉപയോഗക്രമം	കുറഞ്ഞ നിരക്ക്	കൂടിയ നിരക്ക്
1	റസിഡൻഷ്യൽ ഹോംസ്റ്റേ	10	25

മേൽ ഉപയോഗക്രമത്തിന്റെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ ഡേറ്റാ ബേസിൽ ഉൾപ്പെടുത്തേണ്ടതാണ്.

12)മൊബൈൽ ടവറുകളെ വസ്തുനികുതി ചുമത്തുന്നതിൽ ഗുരുതരമായ വീഴ്ച :

ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ അനുവാദം വാങ്ങി നിർമ്മാണം പൂർത്തീകരിച്ചവർ നികുതി നിർണ്ണയത്തിന് പഞ്ചായത്തിനെ സമീപിക്കാത്ത സാഹചര്യമുണ്ട്. കൂടാതെ ടവറുകളുടെ ബാറ്ററി, ഷെൽറ്റർ റൂമുകൾ എന്നിവയുടെ വസ്തുനികുതി ചുമത്തപ്പെടാത്ത സാഹചര്യവും ബുധനൂർ ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്. പ്രത്യേക ഖണ്ഡികയായി വിഷയം അവതരിപ്പിച്ചിട്ടുണ്ട്.

13) അനധികൃതമായ നികുതിയിളവ്

പഞ്ചായത്ത് രാജ് നിയമം, വിവിധ ഉത്തരവുകൾ എന്നിവ പ്രകാരം നിശ്ചയിച്ച കെട്ടിടങ്ങൾ മാത്രമല്ല വസ്തുനികുതി ഒഴിവുനേടുന്നത്. ആരാധനാലയങ്ങൾ എന്ന ഗണത്തിലും നികുതി ഉപനികുതി എന്നിവയിൽ നിന്ന് ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന നിലയിലും ചില അയോഗ്യമായ കെട്ടിടങ്ങളെ ഉൾപ്പെടുത്തുക വഴി ഗ്രാമപഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡികയായി പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്.

14)നികുതി ഇതര വരുമാനവർദ്ധനവ് - ഗ്രാമപഞ്ചായത്ത് അവസരങ്ങൾ പാഴാക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളിൽ നിന്നുള്ള വരുമാനം (നോൺ ടാക്സ് റവന്യൂ) വർദ്ധിപ്പിക്കുന്നതിനുള്ള അവസരങ്ങൾ ഗ്രാമപഞ്ചായത്ത് ഉപയോഗപ്പെടുത്തുന്നില്ല. കെട്ടിടങ്ങൾ, ഡ്രൈവിംഗ് ടെസ്റ്റ് ഗ്രൌണ്ട്, ജിംനേഷ്യങ്ങൾ എന്നിവയൊക്കെ ആസ്തിയായി ആർജിച്ചിട്ടും ഇവയിൽ നിന്നുള്ള യൂസർ ഫീ ഈടാക്കുന്നതിനുള്ള ശ്രമങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

14-1)ഫിറ്റ്നെസ്സ് സെന്ററിന്റെ സ്ഥാപനം -ലക്ഷ്യം കൈവരിച്ചില്ല -തനത് നികുതി -ഇതര വരുമാന വർദ്ധനവിനുസഹായകമായില്ല

ജീവിത ശൈലിരോഗങ്ങളെ ചെറുക്കുന്നതിനും കായിക ക്ഷമതയുള്ള ഒരു ജനതയെ വാർത്തെടുക്കുന്നതിനും ഓപ്പൺ ജിംനേഷ്യങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. ഗ്രാമവാസികളുടെ ആരോഗ്യസംരക്ഷണത്തോടൊപ്പം പഞ്ചായത്തിന് യൂസർ ഫീ ഇനത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ഉപാധിയുമാണ് ഇത്തരം ജിംനേഷ്യങ്ങൾ. സൌകര്യപ്രദമായ സ്ഥലത്ത് സൌകര്യപ്രദമായ സമയത്ത് സ്ത്രീപുരുഷ വ്യത്യാസമില്ലാതെ വ്യായാമം ചെയ്യുന്നതിനുള്ള സൌകര്യം ഒരു പരിശീലകന്റെ സാന്നിധ്യത്തിൽ ഒരുക്കാനായാൽ ആരോഗ്യസംരക്ഷണത്തോടൊപ്പം വരുമാനവും കണ്ടെത്താൻ ഗ്രാമപഞ്ചായത്തിന് കഴിയുമായിരുന്നു. എന്നാൽ കഴിഞ്ഞ രണ്ട് വർഷങ്ങളിലായി നടപ്പിലാക്കിയ താഴെ പറയുന്ന പേരുകളിലുള്ള പ്രോജക്റ്റുകൾ കേവലം പർച്ചേസിനുവേണ്ടി മാത്രമുള്ള പ്രോജക്റ്റ് നടത്തിപ്പ് ആയി അവശേഷിച്ചു. ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനും ആരോഗ്യം സംരക്ഷിക്കുന്നതിനും ഹെൽത്ത് ക്ലബ് ആരംഭിക്കുന്നതിനായാണ് വ്യായാമകേന്ദ്രം (പ്രോജക്ട് നം- 122/21) എന്ന പേരിൽ പ്രോജക്ട് രൂപീകരിച്ച് നടപ്പിലാക്കിയത്. ഈ പ്രോജക്ടിന്റെ നിർവഹണത്തിനായി 13 ഇനം വ്യായാമ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്(ചെലവ് 158816/-). ഉപകരണങ്ങൾ വെറ്ററിനറി ഡിസ്പെൻസറിയുടെ മുകളിലാണ് സൂക്ഷിച്ചിട്ടുള്ളത്. നിലവിൽ ഇത് ഉപയോഗിക്കുന്നില്ല.

തുടർന്ന് 2022-23 സാമ്പത്തിക വർഷം പ്രോജക്റ്റ് നം-113 പ്രകാരം 183900/- രൂപ (വികസനഫണ്ട്-പൊതുവിഭാഗം)ചെലവഴിച്ച് വനിതാ ഫിറ്റ്നസ് സെന്ററിനായി വാങ്ങിയ ഉപകരണങ്ങൾ പെരിങ്ങിലിപ്പുറം സാംസ്കാരിക മന്ദിരത്തിനുമുകളിലായി സൂക്ഷിച്ചിട്ടുണ്ട്. (നിലവിൽ പാക്കേജിംഗ് കവറിൽ) ഉപകരണങ്ങൾ പ്രവർത്തനത്തിനായി സജ്ജമാക്കിയിട്ടില്ല. (മറ്റ് വിശദാംശങ്ങൾ ഖണ്ഡിക നം - ൽ ഉൾപ്പെടുത്തിയത് കൂടി കാണുക)

താഴെ പറയുന്ന അപാകതകൾ കാരണം ഇവ പഞ്ചായത്തിന് വരുമാനദായകമായി പ്രവർത്തനസജ്ജമാക്കാനയില്ല

1) ജിംനേഷ്യം സംബന്ധിക്കുന്ന ബൈലോ തയ്യാറാക്കിയിട്ടില്ല

2) നടപ്പാക്കാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ അനുയോജ്യമാണോയെന്ന് പരിശോധിച്ചിട്ടില്ല. ഏറ്റവും കൂടുതൽ ആളുകൾ വന്നുചേരുന്ന പൊതുസ്ഥലങ്ങളോട് ചേർന്ന സ്ഥലമല്ല നിലവിൽ കണ്ടെത്തിയിട്ടുള്ളത്

3) പരിശീലകനെ നിശ്ചയിച്ചിട്ടില്ല.

4) സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ നടത്തേണ്ട പ്രോജക്റ്റിന് ഗ്രാമപഞ്ചായത്ത് ആവർത്തിച്ച് പണം ചെലവഴിച്ചത് ദുർവ്യയമായി മാത്രമെ കാണാനാകൂ.

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രോജക്റ്റ് മോണിട്ടർ ചെയ്യേണ്ടതും യൂസർ ഫീ ഏർപ്പെടുത്തി മികച്ച മാതൃകയായി പ്രോജക്റ്റ് ലക്ഷ്യത്തിലെത്തിക്കാൻ ശ്രമിക്കേണ്ടതുമാണ്.

14-2) യൂസർ ഫീസ് സാധ്യതകൾ പ്രയോജനപ്പെടുത്തിയില്ല

ഗ്രാമപഞ്ചായത്തിന്റെ വെറ്റിനറി ഹോസ്പിറ്റലിന്റെ മുൻ ഭാഗത്തായുള്ള മൈതാനം മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ് ഡ്രൈവിംഗ് ടെസ്റ്റിനായി ഉപയോഗപ്പെടുത്തുന്നുണ്ട്. ടെസ്റ്റ് നടക്കാത്ത ദിവസങ്ങളിൽ വിവിധ ഡ്രൈവിംഗ് സ്കൂളുകൾ ഈ ഗ്രൌണ്ടിലെത്തി തങ്ങളുടെ ഡ്രൈവിംഗ് പഠിതാക്കൾക്ക് പരിശീലനം നൽകുന്നുണ്ട്. പതിനഞ്ചോളം സ്കൂളുകൾ ഇവിടെ എത്തുന്നുണ്ടെന്നാണ് അനൌദ്യോഗികമായി ലഭിച്ച വിവരം. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റുമായി ഗ്രാമപഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ/സമിതിയുടെ തീരുമാനം ഉണ്ടോ എന്നുള്ള കാര്യങ്ങൾ ലഭ്യമായില്ല. പാർക്കിംഗ് ഗ്രൌണ്ടിൽ നിന്നും യൂസർഫീ ഈടാക്കുന്നത് സംബന്ധിക്കുന്ന തീരുമാനം ഗ്രാമപഞ്ചായത്ത് നികുതി ഇതര വരുമാനത്തിലെ വർദ്ധനവിന് അനുകൂലമാകുന്ന പ്രധാന ഘടകമാകുന്നതാണ്. അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതിന് മേൽ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് സമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

14-3) ബ്ലോക്ക് പഞ്ചായത്ത് നിർമ്മിച്ച മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കെട്ടിടങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ വാർഡിലായി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്ന പേരിൽ നാല് ഷട്ടർ മുറികളുള്ള ഒരു കെട്ടിടം സ്ഥിതി ചെയ്യുന്നുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച കെട്ടിടത്തിന്റെ ഉടമ സഞ്ചയ ഡേറ്റാ ബേസ് പ്രകാരം ഗ്രാമപഞ്ചായത്താണ്. മുൻപ് തുടങ്ങി പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട സ്വയം തൊഴിൽ സംരഭത്തിന്റെ മെഷീനറികൾ വളരെ നിരുത്തരവാദപരമായി കെട്ടിടത്തിലും പരിസരത്തും കിടക്കുന്നുണ്ട്. പഞ്ചായത്തിന്റെ ഒരു എം.സി.എഫ് ഇവിടെ പ്രവർത്തിക്കുന്നു. ടി കെട്ടിടങ്ങൾ ഉപയോഗയോഗ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല.

15) സേവന ഉപനികുതി സാധ്യതകൾ തനത് വരുമാന വർദ്ധനവിനായി പരിഗണിക്കാവുന്നതാണ് :

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നിവയ്ക്കുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ വസ്തുനികുതിയിൻമേൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. എന്നാൽ മാന്നാർ ഗ്രാമപഞ്ചായത്ത് നിലവിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

ക്രമ നം	സേവനം	വസ്തുനികുതിയിൻമേൽ ചുമത്താവുന്ന പരമാവധി സേവന ഉപനികുതി
1	ശുചിത്വ പരിപാലനം	4%
2	ജല വിതരണം	3%
3	തെരുവു വിളക്കുകൾ	2%
4	ഡ്രൈനേജ്	1%

വസ്തു നികുതി നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യമായ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവയ്ക്കും ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്. ആയത് രണ്ട് അർദ്ധ വർഷ ഗഡുക്കളായി വസ്തു നികുതിയോടൊപ്പം പിരിക്കാവുന്നതാണ്. സേവനം നൽകുന്ന മേഖലയിൽ ഗ്രാമപഞ്ചായത്തിന് നിശ്ചിത നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇനത്തിനും നിശ്ചയിക്കാവുന്നതാണ്. സേവനം നൽകുന്ന മേഖലയിൽ ഗ്രാമപഞ്ചായത്തിന്, മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിനേക്കാൾ കുറയാതെയുള്ള നിരക്ക് ഓരോ ഇനത്തിനും നിശ്ചയിക്കാവുന്നതാണ്.

1-11 വസ്തുനികുതി- റോഡ് വിസ്തൃതി പരിഗണിക്കാതെ വസ്തുനികുതി നിർണ്ണയിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം-6 ൽ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകളും വിശദമാക്കുന്നു. ടി ചട്ടത്തിലെ പട്ടിക-2 കെട്ടിടത്തിലേക്കുള്ള വഴി സൌകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതിയിളവ്/വർദ്ധനവ് അടിസ്ഥാന വസ്തുനികുതിയുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുന്നു. 5 മീറ്ററോ അതിൽ കൂടുതലോ പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20 ശതമാനം വർദ്ധനവും 1.5 മീറ്ററിൽ താഴെയുള്ള വഴി സൌകര്യമുള്ള കെട്ടിടങ്ങൾക്കും പൊതുവായ വഴി സൌകര്യം ഇല്ലാത്ത കെട്ടിടങ്ങൾക്കും യഥാക്രമം 10, 20 ശതമാനം ഇളവുകളും നിർദ്ദേശിക്കുന്നുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്ററിൽ താഴെവരെ വഴിസൌകര്യത്തിന് ഇളവുകളോ വർദ്ധനവോ ഇല്ല.

എന്നാൽ പരിശോധനയിൽ കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുള്ള വഴി സൌകര്യത്തിൽ നിന്നും വ്യത്യസ്തമായ രീതിയിൽ സഞ്ചയയിൽ വഴി സൌകര്യം രേഖപ്പെടുത്തുന്നതിനാൽ നികുതി നിർണ്ണയത്തിൽ കുറവ് ഉണ്ടായിട്ടുണ്ട്. ചുവടെ ചേർക്കുന്ന പട്ടികയിലെ എല്ലാ കെട്ടിടങ്ങൾക്കും 1.5 മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വഴി സൌകര്യം എന്ന നിലക്കാണ് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കെട്ടിടത്തിന്റെ നമ്പരും ഉടമയുടെ പേരും ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നമ്പർ	ഉടമയുടെ പേര്	റോഡിന്റെ വിസ്തൃതി
1	7/124 A	പ്രജീഷ് കാവിൻപുറത്ത്, അർച്ചന രമണൻ, പൌർണ്ണമി	6 M
2	6/301 A	ബിജു.കെ, കരിപ്പറമ്പിൽ തെക്കേതിൽ	5m
3	4/452 C	സാബു ജോൺ, കിഴക്കെ ഊടത്തിൽ	6m
4	1/255 A	രമേശൻ, രമാവിലാസം	7.5m
5	7/59 A	സുരേഷ് &ലേഖ സുരേഷ് ഭവനം	8m

(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം- 26/22-08-23)

വസ്തുനികുതി പുനർ നിർണ്ണയിച്ചീടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-12 വസ്തുനികുതി- മേൽത്തരം തറനിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധന സാമഗ്രികൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ സാധാരണ തറയെന്ന നിലക്കാണ് കെട്ടിടങ്ങളെ സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മൊസൈക്ക്, തറയോട്, സിമന്റ്, മൺതറ എന്നിങ്ങനെയാണ് സാധാരണ തറയെ വിശദമാക്കിയിട്ടുള്ളത്. താഴെ പറയുന്ന കെട്ടിടത്തിന്റെ ഉപയാഗക്രമം ആശുപത്രി, ഹോസ്റ്റൽ എന്നിങ്ങനെ ആണെന്നിരിക്കെ കെട്ടിടത്തിന്റെ ഓരോ നിലകൾക്കും പ്രത്യേകം നമ്പരിട്ട് നൽകി പ്രത്യേക കെട്ടിടമായി പരിഗണിച്ചതിനാൽ ആകെ 250 ചതുരശ്രമീറ്ററിലധികമുള്ള മേൽത്തരം തറനിർമ്മിതിക്ക് ബാധകമാക്കേണ്ട വർദ്ധനവ് ഉൾപ്പെടുത്താനായില്ല. തറ നിർമ്മിതിക്കനുസൃതമായി നികുതി വർദ്ധനവ് ചുമത്തപ്പെടാത്ത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ജെറോം വി, തോപ്പിൽ , ഉളുന്തി-- സ്വകാര്യ ഹോസ്റ്റൽ - 9/358 D മുതൽ I വരെ

2) പ്രസിഡന്റ്, സെക്രട്ടറി, ബുധനൂർ ഗ്രാമസേവ പരിഷത്ത് - 4/450 A, B, C, ആശുപത്രി
(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം- 25/22-08-23)
വസ്തുനികുതി പുനർ നിർണ്ണയിച്ചീടാക്കി വിവരം അറിയിക്കേണ്ടതാണ്.
വസ്തുനികുതി പൂർണ്ണമായും ചുമത്തുന്നതിന് സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടെങ്കിൽ വിവരം IKMന്റെയും സർക്കാരിന്റെയും ശ്രദ്ധയിലേക്ക് കൊണ്ടുവരേണ്ടതാണ്. സ്വീകരിക്കുന്ന നടപടികൾ ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1-13 വസ്തുനികുതി - അനധികൃത നികുതി ഇളവുകൾ പുനപരിശോധിക്കണം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207 - 1 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കിവച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ വസ്തുനികുതി, ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ സഞ്ചയ ഡേറ്റാ ബേസ് പരിശോധിച്ചതിൽ നിരവധി കെട്ടിടങ്ങളെ ആരാധനാലയം എന്ന നിലക്ക് ഉൾപ്പെടുത്തിയിട്ടുള്ളതായി വ്യക്തമായി. പ്രധാന ആരാധന കെട്ടിടത്തോടൊപ്പമുള്ള ഊട്ടുപുരകൾ, സദ്യാലയങ്ങൾ, പാരിഷ് ഹാളുകൾ, പാർസ്സനേജുകൾ, മറ്റു ഹാളുകൾ, ക്ഷേത്ര നടത്തിപ്പുമായി ബന്ധപ്പെട്ട സംഘടന ഓഫീസുകൾ, സാമുദായിക സംഘടന ഓഫീസുകൾ എന്നിവയൊന്നിനും തന്നെ ഇളവിനർഹമല്ലയെന്നിരിക്കെ ഒരേ ആരാധനാലയത്തിന്റെ ഉടമസ്ഥതയിൽ നിരവധി കെട്ടിടങ്ങളെ വസ്തുനികുതി ചുമത്തലിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു. ചില ഉദാഹരണങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

ക്രമ നം	കെട്ടിട നമ്പർ	വിവരണം
1	10/434	NSS കരയോഗം 1409
2	10/119	കൾചറൽ ക്ലബ്
3	9/341	സെന്റ് ആനീസ് കോൺവെന്റ്

ആരാധനാലയങ്ങൾ, നികുതി-ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്നീ വിഭാഗങ്ങളിൽ കെട്ടിടങ്ങൾ അനധികൃതമായി ഇളവ് നേടിയിട്ടുണ്ടോയെന്ന് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

1-14 മൊബൈൽ ടെലി കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി- സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല- തനതു് വരുമാനം നഷ്ടമാകുന്നു

മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെ സംബന്ധിക്കുന്ന വിവരങ്ങൾ പൂർണ്ണമായി ഗ്രാമപഞ്ചായത്തിന്റെ കൈവശമില്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 19/10/2014 ലെ സർക്കുലർ നം-40395/RC2/2014/LSGD (വിജിലൻസ് ഡിപ്പാർട്ട്മെന്റിന്റെ ശുപാർശ) പ്രകാരം അനധികൃത മൊബൈൽ ടവറുകളെ കണ്ടെത്തി വസ്തുനികുതി ചുമത്തുന്നതിന് ഗ്രാമപഞ്ചായത്ത് സ്പെഷ്യൽ ഡ്രൈവ് നടത്തി മുഴുവൻ ടെലികമ്മ്യൂണിക്കേഷൻ ടവറുകളെയും വസ്തുനികുതി ഡേറ്റാബേസിലേക്ക് ഉൾപ്പെടുത്തി നികുതി ചുമത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. സഞ്ചയ ഡേറ്റാബേസ് പ്രകാരം മൊബൈൽ ടവറുകൾ മാത്രമാണ് ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ളത്.

വസ്തുനികുതി ചുമത്തപ്പെടാത്ത മൊബൈൽ ടവർ പ്രവർത്തിക്കുന്നു.

ഓഡിറ്റ് ടീമിന്റെ ആവശ്യപ്രകാരം ഗ്രാമപഞ്ചായത്ത് പരിശോധന നടത്തി ശ്രീമതി.സലീല ഉണ്ണിത്താൻ, പുത്തൻ പുരക്കൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള വസ്തുവിൽ (ആറാം വാർഡ്) റിലയൻസ് ജിയോ ഇൻഫ്രാടെൽ പ്രൈവറ്റ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവർ സ്ഥാപിക്കപ്പെട്ടിട്ടുള്ളതായി ഗ്രാമപഞ്ചായത്ത് രേഖാമൂലം അറിയിച്ചിട്ടുണ്ട്.(ഓഡിറ്റ് അന്വേഷണക്കുറിപ്പ് 24 നുള്ള മറുപടി). എന്നാൽ ഈ മൊബൈൽ ടവറിന്റെ വസ്തുനികുതി ഗ്രാമപഞ്ചായത്ത് നിർണ്ണയിച്ചീടാക്കുന്നില്ല. ഈ ടവർ നിർമ്മാണം സംബന്ധിക്കുന്ന പെർമ്മിറ്റ്/ഇന്റിമേഷൻ വിവരങ്ങളോ പൂർത്തീകരിച്ചത് സംബന്ധിക്കുന്ന വിവരങ്ങളോ ഇതേവരേ ഗ്രാമപഞ്ചായത്തിൽ അറിയിച്ചിട്ടില്ല. ഓഡിറ്റ് വിഭാഗം ചുണ്ടി കാണിക്കുമ്പോൾ മാത്രമാണ് ഗ്രാമപഞ്ചായത്ത് വിവരങ്ങൾ അന്വേഷിക്കുന്നതും ഓഡിറ്റിന് റിപ്പോർട്ട് ചെയ്യുന്നതും. ഈ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിനെ വസ്തുനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കുലർ അനുശാസിക്കും പ്രകാരമുള്ള സ്പെഷ്യൽ ഡ്രൈവ് നടത്തി അനധികൃത ടെലികമ്മ്യൂണിക്കേഷൻ ടവർ നിർമ്മിതികൾ ഗ്രാമപഞ്ചായത്തിൽ ഇല്ലായെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-15 പുതിയ വില്ലേജ് ഓഫീസ് മന്ദിരത്തിന് വസ്തുനികുതി ചുമത്തിയില്ല

ഗ്രാമപഞ്ചായത്തിലെ വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ (വില്ലേജ് ഓഫീസ്, എണ്ണക്കാട്) വസ്തുനികുതി നിർണ്ണയം നടത്തി നമ്പർ നൽകിയിട്ടില്ല. കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് ഉത്ഘാടനം നടത്തപ്പെട്ടുവെങ്കിലും നാളിതുവരെയും വസ്തുനികുതി ചുമത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. അടിയന്തിരമായി നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1-16 തൊഴിൽ നികുതി- എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്താനായില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ നിരവധി സ്ഥാപനങ്ങൾ പുതിയതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളെയൊന്നും തന്നെ തൊഴിൽ നികുതി

ഡിമാൻഡ് ചെയ്യുന്നതിന് കഴിഞ്ഞിട്ടില്ല. സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

I) താഴെ പറയുന്ന സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാൻഡിൽ ഉൾപ്പെടുന്നില്ല. ഈ സ്ഥാപനങ്ങളെ ഡിമാൻഡ് ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

I) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ

1) കല്ലുവിളയിൽ ഫൈനാൻസിയേഴ്സ്, എണ്ണക്കാട്

2) ചെങ്ങന്നൂർ നിധി ലിമിറ്റഡ്, എണ്ണക്കാട്

3) മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, എണ്ണക്കാട്

II)ഗ്രാമപഞ്ചായത്തിന്റെ പദ്ധതിപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന താഴെ പറയുന്ന ക്ഷീരസംഘങ്ങളിലെ ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ബുധനൂർ ക്ഷീരോത്പാദക സഹകരണ സംഘം A(6) D APCOS

2) എണ്ണക്കാട് ഇലഞ്ഞിമേൽ ക്ഷീരോത്പാദക സഹകരണ സംഘം A(250) D APCOS

3) ഗ്രാമം ക്ഷീരോത്പാദക സഹകരണ സംഘം A(252) D APCOS

III) ഫ്യൂവൽ സ്റ്റേഷനുകളിലെ ജീവനക്കാർ:- ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ഫ്യൂവൽ സ്റ്റേഷനിലെ ജീവനക്കാരെ തൊഴിൽ നികുതി ചുമത്തിയിട്ടില്ല

1) അന്ന ഫ്യൂവൽസ്, ബുധനൂർ

2) ഗംഗാ ഫ്യൂവൽസ്, കാടമ്മാവ്

തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള(നം.8/19-08-2023) മറുപടിയിൽ സെക്രട്ടറി അറിയിച്ചു. തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-17 ഇൻഫന്റ് ജീസസ് സ്കൂളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഇൻഫന്റ് ജീസസ് ISC സ്കൂൾ, ഇൻഫന്റ് ജിസസ് പ്ലേ സ്കൂൾ എന്നിവ ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാൻഡിൽ ഉൾപ്പെടുന്നില്ല. ഈ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും മുഖ്യ ഓഫീസ് മാവേലിക്കര നഗരസഭയിലായതിനാൽ ഇവിടെ ജോലിചെയ്ത് വരുന്ന ജീവനക്കാരെ ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയിരുന്നില്ല. ഗ്രാമപഞ്ചായത്തിൽ ജോലിചെയ്യുന്ന ടി സ്കൂളുകളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, ശമ്പളം നൽകുന്ന ഓഫീസിൽ ഡിമാൻഡ് ചെയ്തീടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.21/21-08-23)

1-18 സപ്ലൈകോ സ്റ്റോറുകളും റേഷൻ കടകളും ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെയല്ല പ്രവർത്തിക്കുന്നത്

1996ലെ കേരള പഞ്ചായത്ത് രാജ് നിയമം (Issue Of Licence To Factories, Trades, Entrepreneurship Activities And Other Services) ചട്ടങ്ങളിലെ ചട്ടം 3 പട്ടിക 1 – ക്രമ നം 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾ, മാവേലി സ്റ്റോറുകൾ എന്നിവക്ക് ഗ്രാമപഞ്ചായത്തിന്റെ പ്രവർത്താനാനുമതി ആവശ്യമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളും (എണ്ണക്കാട് & ബുധനൂർ) റേഷൻ കടകളും ഗ്രാമപഞ്ചായത്തിന്റെ അനുമതിയോട് കൂടിയല്ല പ്രവർത്തിക്കുന്നത്. അനുമതി ഇല്ലാതെ ടി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന്റെ കാരണം വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള(നം. 23/22-08-23) മറുപടിയിൽ ഇത് സംബന്ധിക്കുന്ന നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ചു. ആവശ്യമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 സർക്കാരിലേക്ക് ഒടുക്കേണ്ട തുകകൾ തനത് ഫണ്ടിൽ തുടരുന്നു

വാർഷിക കണക്കുകളുടെ 350300109 ലെഡ്ജറിൽ സർക്കാരിലേക്ക് ഒടുക്കേണ്ട തുകകളാണ് ഗ്രാമപഞ്ചായത്തിന്റെ ബാധ്യതയായി ഉൾപ്പെടുത്തേണ്ടത്. ഇതിൽ മുൻവർഷങ്ങളിൽ പദ്ധതി ചെലവുകളിൽ അധികമായി നൽകിയ തുക, ഓഡിറ്റ് റിക്കവറി എന്നിവ ഉൾപ്പെടുന്നു. ഗ്രാമപഞ്ചായത്തിന്റെ ലെഡ്ജർ പരിശോധനയിൽ താഴെ പറയുന്ന തുകകൾ ബാധ്യതയായി നിലവിലും തുടരുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം നം. 20/21.08.23).

ക്രമ നം	തീയതി	ഒടുക്കിയ ആൾ	തുക	ഫണ്ടിനം	വിവരണം
1	15-07-2017	ICDS സൂപ്പർവൈസർ	4732	വിവരം ലഭ്യമല്ല	ഓഡിറ്റ് റിക്കവറി
2	22-05-2017	ICDS സൂപ്പർവൈസർ	32092	വിവരം ലഭ്യമല്ല	ഓഡിറ്റ് റിക്കവറി
3	27-07-2017	വിവരം ലഭ്യമല്ല	94540	വിവരം ലഭ്യമല്ല	ഓഡിറ്റ് റിക്കവറി
4	15-05-2020	അഭിലാഷ് കൊടിഞ്ഞൂരേത്ത്, ബുധനൂർ	25000	വികസനഫണ്ട്-പൊതു വിഭാഗം	പ്രോ.നം-150/19 ൽ അധികമായി അനുവദിച്ച തുക തിരികെ ഒടുക്കിയത്
5	18-05-2020	ഗംഗാധരൻ പുലൂശ്ശേരിൽ ബുധനൂർ	25000	വികസനഫണ്ട്-പൊതു വിഭാഗം	പ്രോ.നം-150/19 ൽ അധികമായി അനുവദിച്ച തുക തിരികെ ഒടുക്കിയത്

സർക്കാർ ഖജനാവിലേക്ക് ഒടുക്കേണ്ട തുക ഒടുക്കി വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതാണ്.

1-20 സോളാർ പവർ പാനൽ - സ്ഥാപിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പഞ്ചായത്തിന് വരുമാനദായകമാക്കാൻ കഴിഞ്ഞിട്ടില്ല

| പ്രോജക്റ്റ് നം - S0200/18, 23/22-23

നിർവഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

ബുധനൂർ ഗ്രാമ പഞ്ചായത്ത് ഓഫീസ് ബിൽഡിംഗ്, ഗവ.എച്ച്.എസ്സ്.എസ്സ് ബുധനൂരിന്റെ മെയിൻ ബ്ലോക്ക് ബിൽഡിംഗ്, എച്ച്.എസ്സ്.ബ്ലോക്ക് ബിൽഡിംഗ്, കടമ്പൂർ പി.എച്ച്.സി. എന്നിവിടങ്ങളിൽ നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സോളാർ പവർ ജനറേറ്റിംഗ് സിസ്റ്റം സ്ഥാപിച്ചിരുന്നു. കെൽട്രോൺ മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്. 2018 ൽ തന്നെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച പദ്ധതിക്കായി 21-22, 22-23 വർഷങ്ങളിലാണ് തുക ചെലവഴിച്ചത്.

സ്ഥാപിച്ച സോളാർ പവർ ജനറേറ്റിംഗ് സിസ്റ്റത്തിന്റെ മൂല്യവും കമ്മീഷന്റെ വിശദാംശവും താഴെ കൊടുക്കുന്നു.

		ആകെ മൂല്യം	കമ്മീഷൻ തീയതി
ഗ്രാമപഞ്ചായത്ത് ഓഫീസ്	ഓഫ് ഗ്രിഡ് സോളാർ പവർ ജനറേറ്റിംഗ് സിസ്റ്റം	1260000	2019 ഓഗസ്റ്റ്
ഗവ.എച്ച്.എസ്.എസ്	ഓൺ ഗ്രിഡ് സോളാർ പവർ ജനറേറ്റിംഗ് സിസ്റ്റം	1491000	2019 ഡിസംബർ
ഗവ.എച്ച്.എസ്	ഓൺ ഗ്രിഡ് സോളാർ പവർ ജനറേറ്റിംഗ് സിസ്റ്റം	1581500	2019 ഓഗസ്റ്റ്
പി.എച്ച്.സി, കടമ്പൂർ	ഓൺ ഗ്രിഡ് സോളാർ പവർ	1550000	ഓഗസ്റ്റ് 2020

	ജനറേറ്റിംഗ് സിസ്റ്റം		
		5882500	
Inspection And Certification Fee For Ongrid Solar Plant At PHC, GHSS	അനർട്ട്	50000	-
		5932500	

ചെലവഴിച്ച തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

തുക	തീയതി	സ്ഥാപനം
2000000	13.08.21	കെൽട്രോൺ
50000	13.12.21	അനർട്ട്
689000	30.03.22	കെൽട്രോൺ
2850000	14.11.22	കെൽട്രോൺ
5589000		

ആകെ മൂല്യം 5932500 എന്നാണ് കെൽട്രോൺ നിർണ്ണയിച്ചിട്ടുള്ളത്. 343500/- രൂപ കെൽട്രോണിന് നൽകാനുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. ഈ പാനലിന്റെ ലൈഫ് 25 വർഷം എന്നും കെൽട്രോൺ വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതിയുടെ കമ്മീഷനിംഗിന് ശേഷം സ്വീകരിക്കേണ്ടിയിരുന്ന പ്രവർത്തനങ്ങൾ നടന്നിട്ടില്ല എന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ,

1) കേരള സോളാർ എനർജി പോളിസി 2013(12-c, li) lii) പ്രകാരം കെ.എസ്.ഇ.ബി, കെൽട്രോൺ എന്നിവരുമായി ടൈപാർട്ടി എഗ്രിമെന്റ് വെയ്ക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

2)കേരള സോളാർ എനർജി പോളിസി 2013(12-c, lii) പ്രകാരം സിസ്റ്റം പ്രൊവൈഡർ പീരിയോഡിക്കൽ മെയിന്റനൻസ് നടത്തേണ്ടതും റിപ്പോർട്ട് ഇൻവെസ്റ്റർക്കും കെ.എസ്.ഇ.ബി-ക്കും നൽകേണ്ടതുമാണ്. അപ്രകാരം ഒരു റിപ്പോർട്ട് ഫയലിലില്ല.

3)കടമ്പൂർ പി.എച്ച്.സി. യിൽ ആഗസ്റ്റ് 2020 ലും ഗവ. എച്ച്.എസ്.എസ്-ൽ 2019 ഡിസംബറിലും, ഗവ. എച്ച്.എസ്, ഗ്രാമപഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ ഓഗസ്റ്റ് 2019 ലും സോളാർ പാനൽ കമ്മീഷൻ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് ഓഫീസ് ഒഴികെയുള്ള സ്ഥാപനങ്ങളിൽ ഓൺ ഗ്രിഡ് സിസ്റ്റമാണ്. അതായത് സ്ഥാപനത്തിന്റെ ആവശ്യം കഴിഞ്ഞ് മിച്ചമുള്ള പവർ കെ.എസ്.ഇ.ബിയുടെ ഗ്രിഡിലേക്കാണ് പോകുന്നത്. എന്നാൽ കെ.എസ്.ഇ.ബി ഗ്രിഡിലേക്ക് ഗ്രാമപഞ്ചായത്ത് നൽകിയ പവറിന്റെ മൂല്യം കണക്കാക്കി ഗ്രാമപഞ്ചായത്തിൽ ലഭിച്ചതായി രേഖയില്ല. ഗ്രാമപഞ്ചായത്ത് ഓഫീസ് ഒഴികെയുള്ള 3 സ്ഥാപനങ്ങളും നിലവിൽ ഫിക്സഡ് ചാർജ്ജാണ് കെ.എസ്.ഇ.ബി യിൽ ഒടുക്കി വരുന്നത്.

കമ്മീഷനിംഗ് കഴിഞ്ഞ് നാല് വർഷം കഴിഞ്ഞിട്ടും ഗ്രിഡിലേക്ക് എത്തുന്ന വൈദ്യുതിയിൽ കെ.എസ്.ഇ.ബി. വില ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/22.08.23), മറുപടി ഹാജരാക്കിയിട്ടില്ല. കെ.എസ്.ഇ.ബി യുമായി ഈ വിഷയത്തിൽ കത്തിടപാടുകളൊന്നും തന്നെ ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുമില്ല. രണ്ട് സ്കൂളുകളിലും ഓൺ ഗ്രിഡ്

സോളാർ പവർ ജനറേറ്റിംഗ് സിസ്റ്റമാണ് സ്ഥാപിച്ചിട്ടുള്ളത്. വെക്കേഷൻ കാലയളവിൽ കൂടിയ അളവിൽ വൈദ്യുതി ഉത്പാദനം നടക്കുവാനുള്ള സാധ്യത ഉണ്ടെന്നിരിക്കെ ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയിൽ വില ലഭിക്കുന്നതിൽ കെ.എസ്.ഇ.ബി യുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-21 കെ.എസ്.ഇ.ബി തെരുവ് വിളക്കുകളുടെ മീറ്ററിംഗിന് നിലവിലില്ലാത്ത ഉയർന്ന നിരക്കുള്ള ഇൻകാൻഡസെന്റ് ബൾബുകളും ഫ്ലൂറസെന്റ് ട്യൂബുകളും ഉൾപ്പെടുത്തുന്നു

ഗ്രാമപഞ്ചായത്ത്, തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ ഇനത്തിൽ താരതമ്യേന വലിയ തുക ഒടുക്കുന്നുണ്ട്. തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ അടക്കുന്നതിലേക്കായി 2022-23 വർഷം ആകെ 15,94,247/- രൂപ ചെലവഴിച്ചു. തെരുവ് വിളക്കുകളുടെ മീറ്ററിംഗിന് ഗ്രാമപഞ്ചായത്ത് തുക നിക്ഷേപിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. എന്നാൽ നിലവിലും മീറ്ററിംഗ് ഇല്ലാത്ത തെരുവ് വിളക്കുകൾ എന്ന നിലയിലാണ് തെരുവ് വിളക്കുകളുടെ ബില്ലിംഗ് രീതി. കെ.എസ്.ഇ.ബി ചെന്നിത്തല ഇലക്ട്രിക്കൽ സെക്ഷൻ ലഭ്യമാക്കുന്ന പ്രതിമാസ ബില്ലിന്റെ അടിസ്ഥാനത്തിലാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ബിൽ അടക്കുന്നത്(കൺസ്യൂമർ നം-11553387002028). എന്നാൽ ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ വൈദ്യുതി ബില്ലിലെ *കണക്ടറ്റ് ലോഡി*നെ സാധൂകരിക്കുന്ന തെരുവ് വിളക്കുകളുടെ തരം, എണ്ണം എന്നിവ സംബന്ധിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ഓഡിറ്റ് ബാച്ചിന്റെ നിർദ്ദേശത്തെ തുടർന്ന്(ഓഡിറ്റ് എൻക്വയറി നം-9/22-23 തീയതി. 19-08-23) കെ.എസ്സ്.ഇ.ബി ചെന്നിത്തല ഇലക്ട്രിക്കൽ സെക്ഷൻ ബില്ലിംഗിന് പരിഗണിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ ലഭ്യമാക്കി. ലഭ്യമാക്കിയ കണക്കിൽ 568 സാധാരണ ബൾബുകളും 205 ഫ്ലൂറസെന്റ് ട്യൂബുകളും ഉൾപ്പെടുന്നു. കഴിഞ്ഞ കുറെ വർഷങ്ങളായി ഗ്രാമപഞ്ചായത്ത് LED വിളക്കുകൾ മാത്രമാണ് വാങ്ങി സ്ഥാപിക്കുന്നത്. 2022-23 ലെ വാർഷിക പ്രോജക്റ്റിന്റെ ഭാഗമായുള്ള തെരുവ് വിളക്ക് മെയിന്റനൻസ് പ്രോജക്റ്റിലും നിരവധി LED ബൾബുകൾ വാങ്ങി സ്ഥാപിച്ചു. എന്നാൽ കെ.എസ്.ഇ.ബിയുടെ കണക്കുകളിൽ ഒരു എൽ.ഇ.ഡി ബൾബ് പോലും ഉൾപ്പെടുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ സാധാരണ ഇൻകാൻഡസെന്റ് ബൾബുകൾ ഉണ്ടായിരിക്കുവാൻ സാധ്യതയില്ലായെന്നിരിക്കെ ഉയർന്ന വൈദ്യുത ഉപഭോഗവും ഉയർന്ന പ്രതിമാസ നിരക്കുമുള്ള ഇനം തെരുവ് വിളക്കുകളുടെ പ്രതിമാസ നിരക്ക് ഉൾപ്പെടുത്തിയ ബില്ലുകളാണ് ഗ്രാമപഞ്ചായത്തിന് നൽകുന്നത്. സംയുക്ത പരിശോധന നടത്താത്തതും ഗ്രാമപഞ്ചായത്ത് മാറ്റി സ്ഥാപിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം കൃത്യമായി അക്കൌണ്ട് ചെയ്യാത്തതുമൂലവും വളരെ ഉയർന്ന പ്രതിമാസ വൈദ്യുത ബില്ലാണ് ഗ്രാമപഞ്ചായത്തിന് ലഭിക്കുന്നത്(Ref-08/23 ലെ ബിൽ നം-5538230801667). സംയുക്ത പരിശോധനയുടെ അഭാവം അയഥാർത്ഥമായ കണക്കുകളിലൂടെ കെ.എസ്.ഇ.ബി ബില്ലിംഗ് നടത്തുന്നതിനും ഗ്രാമപഞ്ചായത്തിന് തെരുവ് വിളക്കുകളുടെ ബിൽ തുക ഉയരുന്നതിനുമിടയാക്കി.

KSEB ചെന്നിത്തല സെക്ഷൻ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം, തരം, കണക്റ്റഡ് ലോഡ് എന്നിവ ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ട്രീറ്റ് ലൈറ്റിന്റെ തരം	എണ്ണം	വാട്ട്സ്	ആകെ വാട്ട്സ്
1	CFL: Automatic On /Off - 1x36	217	36	7812
2	CFL: Automatic On /Off - 2x11	13	22	286
3	Mercury Vapour Lamp 1x125	2	125	250

ക്രമ നം	സ്ട്രീറ്റ് ലൈറ്റിന്റെ തരം	എണ്ണം	വാട്ട്സ്	ആകെ വാട്ട്സ്
4	Mercury Vapour Lamp 1x80	1	80	80
5	Fluorescent Tube-2x40	27	80	2160
6	Sodium Vapour Lamp 1x250	6	250	1500
7	Ordinary Bulb -1x60	568	60	34080
8	Fluorescent Tube-1x40	205	40	8200
ആകെ		-		54118

(ലഭ്യമാക്കിയ കണക്കിലെ കണക്റ്റഡ് ലോഡ് പ്രതിമാസ ബില്ലുമായി പൊരുത്തപ്പെടുന്നില്ല. KSEB യിൽ അന്വേഷിച്ച് തെരുവ് വിളക്കുകളുടെ കണക്ക് പൂർത്തിയാക്കേണ്ടതാണ്)

നിലവിലുള്ള വൈദ്യുതവിളക്കുകൾ ഊർജ്ജ ഉപഭോഗം കുറഞ്ഞവയിലേക്ക് മാറ്റുകയും പുതിയതായി സ്ഥാപിക്കുന്നവ ഊർജ്ജ ഉപഭോഗം കുറഞ്ഞവയാക്കിയിട്ടും വൈദ്യുതി വിളക്കുകളുടെ പ്രതിമാസ ബില്ലിലെ കണക്റ്റഡ് ലോഡ് വർദ്ധിച്ച് വരുന്ന അവസ്ഥയാണുള്ളത്. ഓരോ വൈദ്യുത പോസ്റ്റിലും നിലവിലുള്ള വൈദ്യുത വിളക്കിന്റെ തരം ഗ്രാമപഞ്ചായത്തിന്റെ കൈവശമില്ലാത്തത് കാരണം കെ.എസ് ഇ.ബി അധികൃതർ നൽകുന്ന പ്രതിമാസ താരിഫ് നിരക്ക് കൂടിയ ഇൻകാൻഡസെന്റ്, ഫ്ലൂറസെന്റ്, സോഡിയം വേപ്പർ തെരുവ് വിളക്കുകൾ ഉൾപ്പെടുത്തിയുള്ള ഭാരിച്ച വൈദ്യുതി ബിൽ ഒടുക്കേണ്ട അവസ്ഥയാണ്.

തെരുവ് വിളക്കുകളുടെ 12 മണിക്കൂറുള്ള പ്രതി ദിന ഉപഭോഗത്തിനുള്ള പ്രതിമാസ നിരക്ക് ചുവടെ ചേർക്കുന്നു. (2022-23 ൽ ബാധകമായത്-കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ OP No.11/22dtd.25-06-22 കാണുക).

Type Of Lamp	Watts	12 മണിക്കൂർ ഉപഭോഗത്തിനുള്ള പ്രതിമാസ നിരക്ക്
Ordinary	60 W	121
F.Tube	2x 40 W	159
CFL	15W	26
LED	24 W	41
F.Tube	1x 40 W	79
F.Tube	2x 40 W	159
LED	24W	24

(പട്ടിക പൂർണ്ണമല്ല)

ഊർജ്ജ ഉപഭോഗം കുറഞ്ഞ LED വിളക്കുകളുടെ ആറ് മടങ്ങ് വൈദ്യുതി നിരക്ക് ഓഡിനറി വിളക്കുകൾക്ക് KSEB ഈടാക്കുന്നുണ്ട്. ഈ നിരക്ക് വ്യത്യാസം വ്യക്തമാക്കുന്നതിനായി ഒരു 2x40 Watts

ഫ്ലറസെന്റ്ട്യൂബും 18 Watts LED ബൾബും തമ്മിലുള്ള 12 മണിക്കൂർ പ്രതിമാസ നിരക്കിന്റെ താരതമ്യം മേൽ പരാമർശിച്ച താരിഫ് നിരക്കിനെ ആസ്പദമാക്കി ചുവടെ ചേർക്കുന്നു.

2x40 watts ഫ്ലറസെന്റ്ട്യൂബും 18 Watts LED ബൾബും തമ്മിലുള്ള 12 മണിക്കൂർ പ്രതിമാസ നിരക്കിന്റെ താരതമ്യം

ഒരു സാധാരണ ബൾബ് (Ordinary Incandescent Bulb) പോലും ഗ്രാമപഞ്ചായത്തിലില്ല എന്നിരിക്കെ 568 സാധാരണ ഇൻകാൻഡസെന്റ് ബൾബുകൾ, 217 ഫ്ലറസെന്റ് ട്യൂബുകൾ തുടങ്ങിയ ഉയർന്ന ഉപഭോഗ നിരക്കുള്ള തെരുവ് വിളക്കുകൾ പഞ്ചായത്ത് പരിധിയിലുണ്ടെന്ന രീതിയിൽ ബില്ലിംഗ് നടത്തുന്ന കെ.എസ്.ഇ.ബി ഗ്രാമപഞ്ചായത്തിൽ നിന്നും അധിക നിരക്ക് ഈടാക്കുന്നു. ഇത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നാളിതുവരെയുണ്ടായിട്ടില്ലായെന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമതാൽപര്യങ്ങൾക്ക് വിരുദ്ധമാണ്.

പഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ കറന്റ് ചാർജ് ഏകപക്ഷീയമായി വൈദ്യുത ബോർഡ് തീരുമാനിക്കുന്ന രീതിയിലാണ് നടപ്പാക്കപ്പെടുന്നത്. ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ ബില്ലിംഗിന് ആധാരമാക്കുന്ന *തെരുവ് വിളക്കുകളുടെ തരം, വാട്ടേജ്, എണ്ണം (ട്യൂബ്, ഡബിൾ ട്യൂബ്, സോഡിയം വേപ്പർ ലാമ്പ്, സി.എഫ്.എൽ, സി.എഫ്.എൽ-ഡബിൾ, എൽ.ഇ.ഡി) എന്നീ വിവരങ്ങൾ* കെ.എസ്.ഇ.ബി അധികൃതരുമായുള്ള സംയുക്തപരിശോധന മുഖാന്തിരം സ്ഥിരീകരിച്ച് സ്ട്രീറ്റ് ലൈറ്റ് ബിൽതുക ക്രമീകരിക്കുന്നതിനുള്ള അടിയന്തിര ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ഗ്രാമപഞ്ചായത്ത് സമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിലുണ്ടാകേണ്ടതും സ്വീകരിച്ച നടപടികളുടെ പുരോഗതി ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

1-22 വി.ഇ.ഒ നിർവ്വഹിച്ച പ്രോജക്ടുകൾ -അംഗീകൃത നിരക്കിലധികമായി സബ്സിഡി നൽകി

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച താഴെ പറയുന്ന പ്രോജക്ടുകളിൽ പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ (സ.ഉ.(കൈ) 115/2022/തസ്വഭവ തീയതി 28.05.2022)നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക നിരക്കിൽ സബ്സിഡി അനുവദിക്കുക വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

എ) വനിതകൾക്ക് സ്വയം തൊഴിലിന് ഇരുചക്രവാഹനം – വാഹന വിലയ്ക്ക് ഒപ്പം ഇൻഷുറൻസ്, അക്സസറീസിന്റെ വില എന്നിവ കൂടി സബ്സിഡിക്ക് പരിഗണിച്ചു

വനിതകൾക്ക് സ്വയം തൊഴിലിന് മുച്ചക്രവാഹനം വാങ്ങൽ എന്ന പ്രോജക്ട് വഴി ഏഴ് ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. വാഹനവില (എക്സ് ഷോ റൂം), നികുതി എന്നിവയ്ക്കാണ് പരമാവധി 50 ശതമാനം അഥവ 50000/- രൂപ ഏതാണോ കുറവ് അത് സബ്സിഡിയായി അനുവദിക്കാവുന്നത് (പ്രസ്തുത സബ്സിഡി മാർഗ്ഗരേഖ ഭാഗം 6.5 ഇനം 10) ഹോണ്ട ആക്ടിവ Std OBD 2 മോഡൽ വാഹനമാണ് പ്രസ്തുത പദ്ധതിപ്രകാരം ഗുണഭോക്താക്കളെല്ലാം വാങ്ങിയത്. ഷൈമാസ് റൈഡേഴ്സ്, ചെങ്ങന്നൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ ഈ വാഹനങ്ങൾക്കെല്ലാം ശ്രീ റാം ഫിനാൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നാണ് വായ്പ എടുത്തിട്ടുള്ളത്. ഈ വാഹനങ്ങളുടെ വില കണക്കാക്കിയപ്പോൾ വാഹനവില, നികുതി എന്നിവയ്ക്ക് പുറമേ ഇൻഷുറൻസ്, അക്സസറീസിന്റെ വില എന്നിവകൂടി ഉൾപ്പെട്ട തുകയാണ് സബ്സിക്കായി പരിഗണിച്ചത്. ഇപ്രകാരം ആകെ 96380/- രൂപ വില കണക്കാക്കി അതിന്റെ അൻപത് ശതമാനമായ 48190/- രൂപ സബ്സിഡിയായി അനുവദിച്ച് ശ്രീ റാം ഫിനാൻസിയേഴ്സിന് നൽകി. വാഹനവിലയിൽ 2380/- രൂപ അക്സസറീസിന്റെ വിലയാണെന്ന് ഷൈമാസ് റൈഡേഴ്സ് മനേജർ 28.02.2023 ൽ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിൽ നിന്ന് വ്യക്തമാകുന്നു. വാഹനത്തിന്റെ ബിൽ, ഇൻഷുറൻസ് അടച്ചതിന്റെ രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല. ഇൻഷുറൻസ്, അക്സസറീസ് എന്നിവയ്ക്ക് സബ്സിഡി അനുവദിച്ചത് അംഗീകരിക്കാവുന്നതല്ല. അക്സസറീസിന്റെ വിലയ്ക്ക് സബ്സിഡി നൽകുകവഴി മാത്രം വാഹനം ഒന്നിന് 1190/- രൂപ ക്രമത്തിൽ ആകെ 8330/- രൂപയുടെ (1190x7)അധികച്ചെലവുണ്ടായി. ഇതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ഒപ്പം വാഹനത്തിന്റെ ബിൽ, ഇൻഷുറൻസ് രേഖകളും ഓഡിറ്റിൽ ലഭ്യമാക്കുകയുണ്ടായില്ല. ആകയാൽ സർക്കാർ നിർദ്ദേശം ലംഘിച്ചുകൊണ്ട് സബ്സിഡി ഇനത്തിൽ ഗുണഭോക്താക്കൾക്ക് അധികമായി നൽകിയ 8330/- രൂപ പണം നൽകിയ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് തിരികെ ഇടാക്കേണ്ടതാണ്. കൂടാതെ ഇൻഷുറൻസ് തുകയ്ക്ക് അനുവദിച്ച പകുതി സബ്സിഡിയും അനുവദനീയമല്ല. ഇൻഷുറൻസ് രേഖകളുടെ അഭാവത്തിൽ ഈ തുക നിർണ്ണയിക്കാനാവുന്നില്ല. ആകയാൽ ആകെ ഇനത്തിൽ ചെലവഴിച്ച 337330/- രൂപയിൽ ഓഡിറ്റ് നിരാകരിച്ച 8330/- രൂപ കിഴിച്ച് ബാക്കി 329000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം.	177/23-വനിതകൾക്ക് സ്വയം തൊഴിലിന് മുച്ചക്രവാഹനം വാങ്ങൽ
അടങ്കൽ	350000/- രൂപ (വികസന ഫണ്ട് (ജനറൽ))
ചെലവ്	ആകെ 337330/- രൂപ (ബിൽ- 29.3.2023 401 മുതൽ 407 വരെയുള്ള 7 ബില്ലുകൾ, തുക 48190/- രൂപ വീതം)

ഓഡിറ്റ് അന്വേഷണം നം – 11/19.8.2023

ബി)കിണർ നിർമ്മാണം (ജനറൽ) – മൂല്യനിർണ്ണയം പരിഗണിക്കാതെ സബ്സിഡി നൽകി

കുടിവെള്ളക്കിണർ നിർമ്മാണം എന്ന പ്രോജക്ട് വഴി തൻവർഷം പൊതു വിഭാഗത്തിലെ പത്തൊൻപത് ഗുണഭോക്താക്കൾക്ക് സബ്സിസി നൽകിയിട്ടുണ്ട്. കുടിവെള്ള കിണർ നിർമ്മാണത്തിന് പൊതു വിഭാഗത്തിന് കിണറിന്റെ നിർമ്മാണ മൂല്യത്തിന്റെ അൻപത് ശതമാനത്തിൽ നിജപ്പെടുത്തിക്കൊണ്ട് പരമാവധി 17500/- രൂപയാണ് അനുവദിക്കാവുന്നത് (പ്രസ്തുത സബ്സിഡി മാർഗ്ഗരേഖ ഭാഗം 6.6 ഇനം1). എന്നാൽ മേൽപ്പറഞ്ഞതിൽ നാല് ഗുണഭോക്താക്കൾക്ക് ഓവർസിയർ ലഭ്യമാക്കിയ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയ മൂല്യത്തിന്റെ അൻപത് ശതമാനത്തിൽ അധികം സബ്സിഡി അനുവദിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര് (1)	അനുവദിച്ച സബ്സിഡി(രൂപ) (2)	കിണറിന്റെ മൂല്യം(രൂപ) (3)	അനുവദനീയമായ പരമാവധി സബ്സിഡി (മൂല്യത്തിന്റെ 50%)(രൂപ) (4)	അധികം നൽകിയ സബ്സിഡി(രൂപ (2-4)
ദേവകി നാണു	17500	29500	14750	2750
സുരേഷ് .എം	17500	34000	17000	500
സൗമിനി.എസ്	17500	34000	17000	500
വിനുതമ്മ.ജി	17500	34000	17000	500
ആകെ				4250

ഇപ്രകാരം അധിക സബ്സിഡി അനുവദിക്കാനുണ്ടായ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയും ലഭ്യമായില്ല. ഈ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശം ലംഘിച്ചുകൊണ്ട് സബ്സിഡി ഇനത്തിൽ ഗുണഭോക്താക്കൾക്ക് അധികമായി നൽകിയ 4250/- രൂപ പണം നൽകിയ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് തിരികെ ഇടാക്കേണ്ടതാണ്.

പ്രോജക്ട് നം.	17/23-കുടിവെള്ളക്കിണർ നിർമ്മാണം
അടങ്കൽ	507500/- രൂപ (വികസന ഫണ്ട് (ജനറൽ)- 57200രൂപ, സി.എഫ്.സി ഗ്രാന്റ് -450300/- രൂപ)
ചെലവ്	ആകെ 330250/- രൂപ (വികസന ഫണ്ട് (ജനറൽ)52500/- രൂപ, സി.എഫ്.സി ഗ്രാന്റ് 277750/- രൂപ)
ബിൽ	373/28.3.2023 – 52500/- രൂപ (വികസന ഫണ്ട് (ജനറൽ)) P63/20.3.2023 – 122500/- രൂപ (സി.എഫ്.സി ഗ്രാന്റ്) P67/23.3.2023- 34500/- രൂപ P78/28.3.2023-120750/- രൂപ (ഓഡർ നം. 370/28.03.2023; മേൽപ്പറഞ്ഞ നാല് ഗുണഭോക്താക്കൾക്കു പണം നൽകിയത് ഈ ബിൽ മുഖേനെയാണ്)

ഓഡിറ്റ് അന്വേഷണം നം – 11/19.8.2023

1-23 വനിതകൾക്ക് സ്വയം തൊഴിലിന് ഇരുചക്ര വാഹനം - 7140/-രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല, 282000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം –134/23

പ്രോജക്ടിന്റെ പേര് - വനിതകൾക്ക് സ്വയം തൊഴിലിന് ഇരുചക്ര വാഹനം

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം 6 വനിതകൾക്ക് ഇരുചക്രവാഹനം വാങ്ങുന്നതിനായി സബ്സിഡി അനുവദിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കൾക്ക് ഈ ആവശ്യത്തിനായി ലോൺ ലഭ്യമാക്കുന്ന ധനകാര്യ സ്ഥാപനമായ ശ്രീറാം ഫൈനാൻസിയേസ്, ചെങ്ങന്നൂർ എന്ന സ്ഥാപനത്തിനാണ് സബ്സിഡി തുക കൈമാറിയിട്ടുള്ളത്. വാഹനത്തിന്റെ ആർ.സി ബുക്കിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വാഹനം വാങ്ങിയത് സംബന്ധിച്ച ഇൻവോയിസ് ബിൽ സൂക്ഷിച്ചിട്ടില്ല. ഷൈമാസ് റൈഡേസ് ഹോണ്ട, ചെങ്ങന്നൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് വാഹനം വാങ്ങിയിട്ടുള്ളത്. ടി സ്ഥാപനത്തിന്റെ 28-02-23

ലെ കത്ത് പ്രകാരം Activa Std OBD2 എന്ന സ്കൂട്ടറിന്റെ 31-03-23 വരെയുള്ള On Road Price 94000/- രൂപയാണെന്നും ഇതിന്റെ Accessories (Side Stand – 420/-, Ladies Foot Rest = 920, Mat – 520, Seat Cover – 520/-) ഉൾപ്പെടെയുള്ള വില 96380/- എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ/28-05-2022 ഖണ്ഡിക 6.5(10) പ്രകാരം വാഹനത്തിന്റെ എക്സ് ഷോറൂം വിലയും ജി.എസ്.ടിയും ചേർന്ന തുകയുടെ 50% സബ്സിഡിയായി നൽകാവുന്നതാണ്. വാഹനത്തിന്റെ Accessories ഉൾപ്പെടെയുള്ള വിലയായ 96380/-രൂപയുടെ 50% ആയ 48190/- രൂപ വീതം ഓരോ ഗുണഭോക്താവിനും സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ വാഹനം വാങ്ങിയതിന്റെ ഇൻവോയിസിന്റെ അഭാവത്തിൽ അനുവദിച്ച സബ്സിഡിയുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല. അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം. 01/17.08.23 ന് നൽകിയ മറുപടിയിൽ വാഹനത്തിന്റെ ഇൻവോയിസ് ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നൽകിയ സബ്സിഡിയിൽ Accessories ന്റെ വിലയായ 2380/- രൂപയുടെ 50% ഉം ഉൾപ്പെടുന്നു. ഇപ്രകാരം ഒരാൾക്ക് Accessories ന്റെ വിലയിനത്തിൽ 1190/- രൂപ അധികത്തിൽ നൽകിയിട്ടുണ്ട്. 06 ഗുണഭോക്താക്കൾക്കായി 7140/-രൂപ (1190x6) അധികത്തിൽ ചെലവഴിച്ചിട്ടുണ്ട് . ടി തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇത് ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്ന് തിരികെ ഈടാക്കി നിശ്ചിത ഫണ്ടിൽ അടക്കേണ്ടതാണ്. വാഹനത്തിന്റെ On Road Price 94000/-രൂപയിൽ ഇൻഷുറൻസ് ഫീ, രജിസ്ട്രേഷൻ ഫീ എന്നിവ ഉൾപ്പെട്ടിട്ടുള്ളതിനാൽ എക്സ് ഷോറൂം വിലയും ജി.എസ്.ടിയും ചേർന്ന തുകയുടെ കൃത്യത നിർണയിക്കാൻ സാധിക്കുന്നില്ല. അതിനാൽ ഈ പ്രോജക്ടിനായി ആകെ ചെലവഴിച്ച 289140/- രൂപയിൽ അംഗീകരിക്കാത്ത 7140/-രൂപ കഴിച്ചുള്ള 282000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വാഹനം വാങ്ങിയതിന്റെ ഒറിജിനൽ ഇൻവോയിസ് പരിശോധനക്ക് ലഭ്യമാക്കേണ്ടതും ഇൻഷുറൻസ് ഫീ, രജിസ്ട്രേഷൻ ഫീ എന്നീയിനങ്ങൾക്കായി ചെലവഴിച്ച സബ്സിഡി തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ട്രഷറി ബിൽ റഫ.നം.	തുക
22070752009801552788/29-03-23	48190
22070752009801552798/29-03-23	48190
22070752009801552805/29-03-23	48190
22070752009801552809/29-03-23	48190
22070752009801552814/29-03-23	48190
22070752009801552819/29-03-23	48190

1-24 വനിത ഗ്രൂപ്പുകൾക്ക് ജലസേചനത്തിന് മോട്ടോർ വാങ്ങൽ - അധിക നിരക്കിൽ സബ്സിഡി അനുവദിച്ചു

പ്രോജക്ട് നം -171/23

പ്രോജക്ടിന്റെ പേര് - ഞങ്ങളും കൃഷിയിലേക്ക് - വനിത ഗ്രൂപ്പുകൾക്ക് ജലസേചനത്തിന് മോട്ടോർ വാങ്ങൽ

നിർവഹണം - കൃഷി ഓഫീസർ

ചെലവിന്റെ വിശദാംശം

1) 279878/- രൂപ (ട്രഷറി ബിൽ നം.22070752012401432772/22-03-23)

2) 13842/- രൂപ (ട്രഷറി ബിൽ നം. 22070752012401432760/22-03-23)

3) 73500/- രൂപ (ചെക്ക് നം. 790500/30-03-23)

മേൽ പ്രോജക്ട് പ്രകാരം 14 വനിത ഗ്രൂപ്പുകൾക്ക് പമ്പ് സെറ്റ് വാങ്ങി നൽകിയിട്ടുണ്ട്. റെയ്ഡ്കോയിൽ നിന്നാണ് പമ്പ് സെറ്റ് വാങ്ങിയിട്ടുള്ളത്. ഒരു പമ്പിന്റെ അക്സസറീസ് ഉൾപ്പെടെയുള്ള വില 26228/- രൂപയാണ്. ഇതിന്റെ 25% ശതമാനം തുകയായ 6557/- രൂപ ഗുണഭോക്തൃവിഹിതമിനത്തിൽ പിരിക്കേണ്ടതാണ് (സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ/28-05-2022 ഖണ്ഡിക 6.1(09)). എന്നാൽ 5250/- രൂപ വീതമാണ് ഗുണഭോക്തൃവിഹിതമിനത്തിൽ ശേഖരിച്ചിട്ടുള്ളത്. ഗ്രൂപ്പുകളുടെ അപേക്ഷ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ എസ്.സി.വിഭാഗത്തിൽ ഉൾപ്പെട്ടതാണെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം. 04/18.08.23 ന് നൽകിയ മറുപടിയിൽ ഗുണഭോക്തൃവിഹിതം 1307/- രൂപ കുറച്ച് ഈടാക്കിയത് പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് കമ്മറ്റി തീരുമാനം ഓഡിറ്റിൽ ഹാജരാക്കിയിരുന്നില്ല. ഗുണഭോക്തൃവിഹിതം കുറവായി ഈടാക്കിയത് സബ്സിഡി മാർഗ്ഗരേഖയുടെ ലംഘനമായതിനാൽ ടി മറുപടി അംഗീകരിക്കുന്നില്ല. 14 ഗുണഭോക്താക്കൾക്കായി അധിക നിരക്കിൽ ചെലവഴിച്ച സബ്സിഡി തുക 18298/- രൂപ (14x1307) നിർവഹണ ഉദ്യോഗസ്ഥയായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കി നിശ്ചിത ഫണ്ടിൽ അടക്കേണ്ടതാണ്.

കൂടാതെ ഗ്രൂപ്പുകളുടെ അപേക്ഷ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ എസ്.സി. വിഭാഗത്തിൽ ഉൾപ്പെട്ടതാണെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അതിനാൽ ഈ പ്രോജക്ടിനായി ആകെ ചെലവഴിച്ച 367220/- രൂപയിൽ അംഗീകരിക്കാത്ത 18298/- രൂപ കഴിച്ചുള്ള 348922/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആനുകൂല്യം കൈപ്പറ്റിയ ഗ്രൂപ്പുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ഗ്രൂപ്പിന്റെ പേര്	ഗുണഭോക്താക്കൾ
സൗഭാഗ്യ, വാർഡ് - 1	1 നിത്യ അനിൽ 2 ബിന്ദു.കെ.കെ 3 കൃഷ്ണകുമാരി 4 രത്നമ്മ.എൻ.കെ. 5 ജയചന്ദ്രൻ 6 വാസന്തി 7 അജിത.കെ.ഭരതൻ 8 അജിത കുമാരി 9 സുബിത 10 മായ
സ്നേഹ, വാർഡ് -2	

കീർത്തി, വാർഡ് - 3	1 ഗീതാ കുമാരി 2 ശാന്താ വിജയൻ 3 ചന്ദ്രവതി 4 സുഭദ്രാമ്മാൾ 5 രാധിക 6 സരസ്വതിയമ്മ 7 കുഞ്ഞുമോൾ 8 മറിയാമ്മ 9 മിനി 10 വത്സമ്മ
ത്രിവേണി, വാർഡ് -4	1 രാജിത 2 അമ്പിളി .എസ് 3 അനിത , എൽ 4 സരള പ്രസാദ് 5 സിന്ധു സുരേഷ് 6 സുമ ലത 7 അജിത കുമാരി 8 അമ്പിളി സുനിൽ 9 സിന്ധു അശോകൻ 10 സുധ
നവനി, വാർഡ് - 6	1 ശ്രീലത 2 ലീല സുനിൽ 3 ഹിമഗിരിജ 4 ബിന്ദു 5 ജയശ്രീ 6 സ്മിത മധു 7 വിജയമ്മ .പി. പി. 8 സുമ പുഷ്പാകരൻ
ശ്രീഭദ്ര, വാർഡ് - 5	1 സുധ മോഹൻ 2 ഷൈലജ .എം.കെ. 3 കുമാരി 4 ജയ .എം.കെ. 5 രാജമ്മ.റ്റി 6 കൊച്ച് മോൾ 7 രത്നമ്മ .എം.കെ.

	8 വിലാസിനി 9 സുധാ മഹേഷ് 10 രാജമ്മ 11 ശാന്തമ്മ 12 മിനി
സാരഥി, വാർഡ് - 7	
ആദിത്യൻ, വാർഡ് - 8	1 സുനില, വി.കെ. 2 സുനില, കെ.എസ് 3 ശാന്തി.എ.പി. 4 സുജാത.കെ. 5 രത്നമ്മ.റ്റി 6 സതി 7 സുശീല ഷാജി 8 അമ്പിളി 9 കുഞ്ഞമ്മ 10 പൊന്നുസ് കൃഷ്ണൻ
ദിയ, വാർഡ് - 9	1 ജയശ്രീ പുഷ്പാകരൻ 2 രജനി ഷാജി 3 ലേഖ ശിവദാസൻ 4 അജിത സുരേന്ദ്രൻ 5 സുജാത സോമരാജൻ 6 വൽസല ഗോപി 7 സോമൻ 8 ദേവകി 9 കൃഷ്ണൻ കുട്ടി 10 വൽസല സുരേന്ദ്രൻ
ജനനി, വാർഡ് - 10	1 ഉഷാകുമാരി.സി 2 സുമ 3 അനിതമോൾ 4ശ്യാമ 5 ശാന്ത .പി 6 തങ്കമണി 7 മണി.സി. 8 അംബിക
പഞ്ചമി, വാർഡ് - 11	1 സന്ധ്യ ബിന്ദു 2 ശോഭ 3 ഗീതാമണി

	4 കൃഷ്ണകുമാരി 5 മഞ്ജു 6 ഉഷാ ശിവൻ 7 സന്താന വല്ലി 8 അജിത 9 രാജി 10 അർച്ചന
കീർത്തി, വാർഡ് - 12	1 കുഞ്ഞുകുഞ്ഞമ്മ 2 സവിത 3 ശോഭന പുഷ്കരൻ 4 കാർത്തിക 5 വൽസല കണ്ണൻ 6 ജയശ്രീ 7 ചിന്നമ്മ 8 രജിത
ലക്ഷ്മി, വാർഡ് - 14	1 ബിനു 2 ഏലിയാമ്മ 3 വൽസല 4മോഹന വല്ലി 5 സുനിത 6 ഷെറിൻ 7 ശാന്ത 8 സുജ
തളിർ, വാർഡ് - 13	1 നിർമ്മല രവി 2 സുനി വർഗ്ഗീസ് 3 സുനിത പ്രദീപ് 4 സുധാകുമാരി 5 മായാ രാജ ഗോപാൽ 6 ലക്ഷ്മി റാം 7 അജിത 8 ബിന്ദു സുകു

1-25 വനിതകൾക്ക് ഫിറ്റ്നെസ്സ് സെന്റർ സ്ഥാപിക്കൽ - വാങ്ങിയ ഉപകരണങ്ങൾ സാംസ്കാരിക നിലയത്തിൽ സൂക്ഷിച്ചിരിക്കുന്നു

അടങ്കൽ - 200000

നിർവ്വഹണം - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

വനിതകൾക്ക് ഫിറ്റ്നെസ്സ് സെന്റർ സ്ഥാപിക്കൽ(S0113/23) എന്ന പദ്ധതിക്കായി 183900/- രൂപ(ബിൽ നം. 376/28.03.23) പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ച് ഉപകരണങ്ങൾ വാങ്ങി. ജീവിത ശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനും ആരോഗ്യം സംരക്ഷിക്കുന്നതിനുമായി വനിതാ ഫിറ്റ്നെസ്സ് സെന്റർ

ആരംഭിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ടെണ്ടർ നടപടിക്രമങ്ങളിലൂടെ അശ്വതി ഇന്റർനാഷണൽ, പുതിയകാവ് എന്ന സ്ഥാപനത്തിൽ നിന്നുമാണ് ഫിറ്റ്നെസ്സ് ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. ട്രഡ് മിൽ, ഫ്ലൈ വീൽ, ഡമ്ബെൽ, എലിപ്റ്റിക്കൽ ട്രെയിനർ, സ്റ്റാന്റ് ട്വിസ്റ്റർ, ജമ്പ് ടോപ്പ്, യോഗാ മാറ്റ് എന്നിവയാണ് വാങ്ങിയിട്ടുള്ളത്. പ്രാദേശിക പരിശോധന നടത്തിയതിൽ വാങ്ങിയ ഉപകരണങ്ങൾ പെരിങ്ങലിപ്പുറം സാംസ്കാരിക കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടു. വനിതകൾക്കായുള്ള ഫിറ്റ്നെസ്സ് സെന്റർ ഇതേ വരെയും സ്ഥാപിച്ചിട്ടില്ല എന്ന് കാണുന്നു. ഇതേ വരെയും ഫിറ്റ്നെസ്സ് സെന്റർ സ്ഥാപിക്കാതിരുന്നതിന് കാരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം. 18/21.08.23), പെരിങ്ങലിപ്പുറം സാംസ്കാരിക കേന്ദ്രത്തിന്റെ മുകൾ നിലയിൽ ഫിറ്റ്നെസ്സ് സെന്റർ സ്ഥാപിക്കുന്നതിനാണ് നിശ്ചയിച്ചിരുന്നുവെങ്കിലും കെട്ടിടത്തിന്റെ ഫിറ്റ്നസിൽ സംശയമുള്ളതിനാൽ 5-ാം വാർഡിലെ മഠത്തിക്കുറ്റി കമ്യൂണിറ്റി ഹാളിലേക്ക് പ്രവർത്തനം ആരംഭിക്കുവാൻ പഞ്ചായത്ത് നിശ്ചയിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി നൽകി. വേതന വ്യവസ്ഥയിൽ ഫിസിക്കൽ ട്രെയിനറെ നിയമിക്കുന്നതിനും പ്രതിമാസ ഫീസടിസ്ഥാനത്തിൽ വനിതകൾക്ക് ഫിറ്റ്നസ് സെന്റർ ഉപയോഗപ്പെടുത്തുന്നതിനായി 2023-24 ൽ പദ്ധതി ഏറ്റെടുത്തിട്ടുള്ളതായും മറുപടി നൽകി. ഈ മറുപടിയെ സാധൂകരിക്കുന്ന കമ്മറ്റി തീരുമാനങ്ങൾ മറുപടിയിൽ രേഖപ്പെടുത്തിയിട്ടില്ല. അനുയോജ്യമായ സ്ഥലം കണ്ടെത്താതെയും വ്യക്തമായ മുന്നൊരുക്കങ്ങളില്ലാതെയുമാണ് പദ്ധതി തയ്യാറാക്കി തുക ചെലവഴിച്ചിട്ടുള്ളത്. പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരത്തോടെ അനുയോജ്യമായ സ്ഥലത്ത് ഫിറ്റ്നെസ്സ് സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതേ വരെയും ഫിറ്റ്നെസ് സെന്റർ സ്ഥാപിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-26 ടൂറിസം പദ്ധതികൾക്കായി വാങ്ങിയ സ്ഥലം ഉപയോഗപ്രദമാക്കിയില്ല

പഞ്ചായത്ത് തൻവർഷം 70.56 ലക്ഷം രൂപ മുടക്കി കുട്ടമ്പേരൂരാറിന്റെ സമീപത്തായി എണ്ണയ്ക്കാട് വില്ലേജ്, ബ്ലോക്ക് മൂന്നിൽ സർവ്വേ നം. 249/2-1 ൽ പെട്ട 14.58 ആർ ഭൂമി അതിൽ നിൽപ്പ് കെട്ടിടം സഹിതം വാങ്ങിയിട്ടുണ്ട്. പ്രസ്തുത ഭൂമി 13.06.2023 ൽ ജമമാറ്റം നടത്തിയിട്ടുള്ളതുമാണ്. കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനത്തിന് ലഭിച്ച പീസ് (PEAIS- പഞ്ചായത്ത് എംപവർമെന്റ് ആന്റ് അക്കൗണ്ടബിലിറ്റി ഇന്നൊവേറ്റീവ് സ്കീം) അവാർഡ് തുകയിൽ നിന്നാണ് ടൂറിസം വികസനം ലാക്കാക്കി പ്രസ്തുത തുക സംസ്ഥാന സർക്കാർ അനുവദിച്ചത്. ടൂറിസത്തിന് ഉപയുക്തമാകും വിധം ആറിനോട് ചേർന്നും മാവേലിക്കര – തിരുവല്ല റോഡിലേക്ക് എളുപ്പത്തിൽ എത്താൻ സഹായിക്കും വിധം പുതിയതായി നിർമ്മിക്കപ്പെട്ട പാലത്തിന് സമീപമായുമാണ് ഈ ഭൂമി സ്ഥിതി ചെയ്യുന്നത്. നിലവിൽ പ്രസ്തുത ഭൂമിയിൽ പഞ്ചായത്ത് എന്തെങ്കിലും വികസനപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. 22.07.2023 ലെ പഞ്ചായത്ത് കമ്മറ്റി ഈ സ്ഥലം വേലികെട്ടി സംരക്ഷിക്കുന്നതിനും കെട്ടിടം ചായമടിക്കുന്നതിനും ഇവിടെ സ്ഥാപിതമാകുന്ന പാർക്കിന് ശ്രീ ആർ. ശങ്കരനാരായണൻ തമ്പി സ്മാരക പാർക്ക് എന്ന് പേര് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

ഈ ഭൂമിയിലുള്ള കെട്ടിടം കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് ടൂറിസം വികസനത്തിനായുള്ള സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

1-27 വിവിധ നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച് വ്യക്തതയില്ല- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2022-23 ൽ പഞ്ചായത്ത് നടത്തിയ വിവിധ നിക്ഷേപപ്രവൃത്തികൾ പൂർത്തിയായിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കി ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഇവയ്ക്കായുള്ള ചെലവ് (381062/- രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

എ) കെ.എസ്.ഇ.ബി-യിലെ നിക്ഷേപങ്ങൾ

പോസ്റ്റ് ഷിഫ്റ്റിംഗ് (പ്രോജക്ട് നം.88/22-23), സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം.

89/22-23)എന്നീ പ്രവൃത്തികൾക്കായി തൻവർഷം 176062/- രൂപ വികസന ഫണ്ടും 920668/- രൂപ ജില്ലാ പഞ്ചായത്ത് വിഹിതവും ഉൾപ്പടെ ആകെ 1096730/- രൂപ കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ 176062/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

പോസ്റ്റ് ഷിഫ്റ്റിംഗ് (പ്രോജക്ട് നം. 88/22-23)

അടങ്കൽ, ചെലവ് 126062/- രൂപ വികസന ഫണ്ട് (ജനറൽ)

(ബിൽ നം. 276/16.02.2023 – 61573/- രൂപ; ബിൽ നം. 324/16.02.2023 - 64489/- രൂപ)

സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (പ്രോജക്ട് നം. 89/22-23)

അടങ്കൽ 1050000/- രൂപ (10 ലക്ഷം ജില്ലാ പഞ്ചായത്ത് വിഹിതം, 50000 വികസന ഫണ്ട് (ജനറൽ))

ചെലവ് -970668 (ജില്ല പഞ്ചായത്ത് വിഹിതം 920668/- രൂപ. വികസന ഫണ്ട് (ജനറൽ) -50000/- രൂപ; ബിൽ നം.344/22.03.2023)

ബി)എം.ജി.എൻ.ആർ.ഇ.ജി.എസ് ലെ നിക്ഷേപം

വാർഡ് നാലിലെ അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി രണ്ട് ലക്ഷം രൂപയും മിയവാക്കി വനസൃഷ്ടിക്കായി അയ്യായിരം രൂപയും എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരം ജില്ല ട്രഷറിയിൽ ഉള്ള അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട് (അക്കൗണ്ട് നം.799011400000468). പ്രവൃത്തി പൂർത്തിയാക്കാത്ത സാഹചര്യത്തിൽ 205000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

പ്രോജക്ട് നം 160/22-23 – അങ്കണവാടി കെട്ടിട നിർമ്മാണം വാർഡ് 4

അടങ്കൽ – 14 ലക്ഷം രൂപ (2 ലക്ഷം വികസന ഫണ്ട് (ജനറൽ), 5 ലക്ഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതം, 7 ലക്ഷം കേന്ദ്രാവിഷ്കൃത ഫണ്ട്)

ചെലവ്- ഏഴ് ലക്ഷം രൂപ (2 ലക്ഷം വികസന ഫണ്ട് (ജനറൽ)- ബിൽ നം. 413/31.3.2023, 5 ലക്ഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

പ്രോജക്ട് നം. 159/22-23, മിയവാക്കി വനം

അടങ്കൽ – 105000 രൂപ (5000 രൂപ, വികസന ഫണ്ട് (ജനറൽ) 100000/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ചെലവ്- 49620/- രൂപ (5000/- രൂപ, വികസന ഫണ്ട് (ജനറൽ)- ബിൽ നം.383/28.03.2023; 44620/- രൂപ ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

നിർവ്വഹണം – സെക്രട്ടറി

ഓഡിറ്റ് എൻക്വയറി നം. 3/18.8.23

1-28 ഹരിത കർമ്മസേനയ്ക്കായി വാങ്ങിയ ഇലക്ട്രിക് ഓട്ടോ ഉപയോഗിക്കുന്നില്ല

ഹരിത കർമ്മസേനയ്ക്ക് മാലിന്യ നീക്കം ത്വരിതപ്പെടുത്തുന്നതിനായി തൻവർഷം 497600/- രൂപ മുടക്കി ഇലക്ട്രിക്ക് മുച്ചക്രവാഹനം വാങ്ങിയിട്ടുണ്ടെങ്കിലും ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. ഇത് മൂലം പ്രസ്തുത പ്രോജക്ടിന്റെ ലക്ഷ്യം സാക്ഷാത്കരിക്കപ്പെട്ടില്ലെന്ന് മാത്രമല്ല വാഹനം ഓടിക്കാതിരിക്കുന്നത് മൂലം യന്ത്രഭാഗങ്ങൾ ഉപയോഗ രഹിതമാകാനും ഇടയാകും. അടിയന്തിരമായി ഹരിത കർമ്മസേനാംഗങ്ങൾക്ക് പരിശീലനം നൽകി വാഹനം ഉപയോഗപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

പ്രോജക്ട് – ഹരിത കർമ്മസേനയ്ക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങൽ(140/23)

നിർവ്വഹണം – വി.ഇ.ഒ

അടങ്കൽ- 500000/- രൂപ, (കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് 149700/- രൂപ, ശുചിത്വമിഷൻ ഗ്രാന്റ് 350000/- രൂപ, തനത് ഫണ്ട് മുന്നൂറ് രൂപ)

ചെലവ് -497600/- രൂപ – കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് 147600/- രൂപ (ബിൽ നം.

പി.66/23.03.2023), ശുചിത്വമിഷൻ ഗ്രാന്റ് 350000/- രൂപ റിക്വ.നം. 1220115

1-29 റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് - പ്രവൃത്തി പൂർത്തീകരിച്ചില്ല

തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ആസ്തികൾ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായാണ് റോഡ് കണക്റ്റിവിറ്റി മാപ്പിംഗിനായി പദ്ധതി (S0027/22-23) തയ്യാറാക്കിയത്. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ആർ.ഡി.എ) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ് ഫോമിന്റേയും R-ട്രാക്ക് മൊബൈൽ ആപ്ലിക്കേഷന്റേയും സേവനം പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പ്രധാന റോഡുകളെ വർഗ്ഗീകരിച്ച് അടയാളപ്പെടുത്തി പഞ്ചായത്ത് മാപ്പ് രൂപപ്പെടുത്തുന്നു. റോഡുകളുടെ വീതി, അവസ്ഥ എന്നിവ ഇതിൽ നിന്നും മനസ്സിലാകുന്നു.

42000/- രൂപ(തനത് ഫണ്ട്) അടങ്കലിൽ ഏക വർഷ പ്രോജക്റ്റായാണ് പദ്ധതി ആസൂത്രണം ചെയ്തത്. ഇതിനായി തൻവർഷം 10000/- രൂപ (ബിൽ നം. 47/20.7.22) ചെലവഴിച്ചു. ഉണ്ണികൃഷ്ണൻ.എം, ആമ്പാടി, ചെറുകുന്നം എന്ന വ്യക്തിയുടെ പേരിലുള്ള മുദ്രപത്രവും കൈപ്പറ്റ് രസീതുമാണ് ഫയലിലുള്ളത്. ആദ്യ ഘട്ട സർവ്വെ പൂർത്തീകരിച്ചതിന്റെ പ്രതിഫല തുക എന്നതാണ് കൈപ്പറ്റ് രസീതിലെ രേഖപ്പെടുത്തൽ. മസ്റ്റർ റോൾ തയ്യാറാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയിലൂടെ റോഡുകൾ ഡിജിറ്റലൈസ് ചെയ്തുവെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (നം.6/19.08.23) മറുപടി തന്നിട്ടുള്ളത്. ഡിജിറ്റലൈസ് ചെയ്തതിന്റെ രേഖകൾ ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിലും രണ്ടാം ഘട്ട പ്രവർത്തനം ഇതേ വരെയും ആരംഭിക്കാത്ത സാഹചര്യത്തിൽ തൻവർഷ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുക.

1-30 കാലിവീപ്പയുടെ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2022-23 ൽ നടപ്പിലാക്കിയ റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഉൾപ്പെടെയുള്ള തുക ബില്ലിൽ നിന്നും കുറവ് ചെയ്ത് തനത് ഫണ്ടിൽ വകയിരുത്തുന്നു. ടി തുക ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കിയിട്ടില്ലായെന്ന് കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റ്	ഉപയോഗിച്ച ബിറ്റുമിന്റെ അളവ്	ബില്ലിൽ കുറവ് ചെയ്ത തുക (@281)	18% ജി.എസ്.ടി
തോപ്പിൽ ചന്ത ഉറവശ്ശേരിൽ റോഡ് റീ-ടാറിംഗ്	20 ബാരൽ	5620	900

മേൽ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (19/21.8.23), തുക ഒടുക്കുന്നതിന് പഞ്ചായത്തിന് കത്ത് നൽകിയതായാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത്. പഞ്ചായത്തിൽ നിന്നുമുള്ള മറുപടി ലഭ്യമാക്കിയില്ല. ജി.എസ്.ടി ഇനത്തിൽ കുറവ് ചെയ്ത് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക പിൻവലിച്ച് പ്രസ്തുത വകുപ്പിലേക്ക് ഒടുക്കേണ്ടതാണ്.

1-31 വാഹന പരിപാലനം - ഇന്ധന ക്ഷമത ടെസ്റ്റ് കൃത്യമായ ഇടവേളകളിൽ നടത്തുന്നില്ല

പഞ്ചായത്തിന്റെ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ 2022-23 കാലയളവിൽ ഫ്യൂവൽ എഫിഷ്യൻസി ടെസ്റ്റിംഗ് നടത്തിയതായി കാണുന്നില്ല. ഇന്ധന ക്ഷമതാ ടെസ്റ്റിന്റെ സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിച്ചിട്ടില്ല. അവസാനം ഇന്ധന ക്ഷമത ടെസ്റ്റ് നടത്തിയത് എന്നാണെന്ന് വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.05/18.08.23 ന് നൽകിയ മറുപടിയിൽ

അവസാനം ഇന്ധന ക്ഷമത ടെസ്റ്റ് നടത്തിയത് എന്നാണെന്ന് വ്യക്തമാക്കിയിട്ടില്ല. വാഹനങ്ങളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നം.41/2008/ധന./02-08-2008 പ്രകാരം ഇന്ധന ക്ഷമത ടെസ്റ്റ് എല്ലാവർഷവും കൃത്യസമയത്ത് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിക്കേണ്ടതും ഇന്ധനത്തെയും അറ്റകുറ്റപ്പണിയെയും സംബന്ധിച്ച വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഫ്യൂവൽ എഫിഷ്യൻസി ടെസ്റ്റിംഗ് കൃത്യമായ ഇടവേളകളിൽ നടത്തേണ്ടതും ആയത് ലോഗ് ബുക്കിൽ പതിക്കേണ്ടതുമാണ്.

1-32 താൽക്കാലിക നിയമനങ്ങൾ - നടപടിക്രമങ്ങൾ പാലിക്കുന്നില്ല

എ) ഡ്രൈവർ നിയമനം

പഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവറായി ശ്രീ വിഷ്ണു.വി.ദേവിനെ 23-01-2017 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 7ാം നമ്പർ തീരുമാന പ്രകാരം നിയമിച്ചു. തുടർന്നുള്ള കാലയളവിലും ടി വ്യക്തി തന്നെ തുടരുകയാണ്. 1959 ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, ബോഡുകൾ, കമ്പനികൾ, കോർപറേഷനുകൾ എന്നിവടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്ക് പുറത്ത് വരുന്ന ഒഴിവുകൾ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാവണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരമുള്ള നിയമനങ്ങൾ 180 ദിവസത്തിൽ അധികരിക്കാൻ പാടില്ലയെന്നും വ്യക്തമാക്കിയിട്ടുണ്ട് (Ks&ssr Rules 9(a)1).

ബി) ലൈബ്രേറിയൻ നിയമനം

പഞ്ചായത്ത് കമ്മിറ്റിയുടെ 07-10- 2016 ലെ 5-ാം നം തീരുമാന പ്രകാരം ശ്രീ ശങ്കര നാരായണൻ തമ്പി സ്മാരക സാംസ്കാരിക നിലയം തയ്യൂർ, ജി.ബാലകൃഷ്ണ പിള്ള സ്മാരക സാംസ്കാരിക നിലയം ഗ്രാമം എന്നിവിടങ്ങളിൽ ലൈബ്രേറിയൻമാരെ നിയമിച്ച് ഹോണറേറിയം നൽകി വരുന്നു. സർക്കുലർ നം.83/2019/ധന/05-10-2019 പ്രകാരം അംഗീകൃത സ്ഥിരം തസ്തികകൾ ഇല്ലാതെയുള്ള താൽക്കാലിക നിയമനങ്ങൾ വ്യക്തമായ സർക്കാർ ഉത്തരവിന്റെ പിൻബലത്തോടെ ആയിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അംഗീകൃത മാനദണ്ഡങ്ങൾ പാലിക്കാതെ മേൽ പ്രകാരം നിയമനം നടത്തിയിട്ടുണ്ട്. സർക്കാർ അംഗീകാരം ഇല്ലാതെ നിയമനം നടത്തിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണം (നം.16/21.08.2023) ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി നിയമനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-33 ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമല്ല

ബുധനൂർ ഗ്രാമ പഞ്ചായത്തിൽ 05 ലൈബ്രറികൾ ഉണ്ട്. ഇവയുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1)സാംസ്കാരിക നിലയം, പെരിങ്ങിലിപ്പുറം

2) ഇലഞ്ഞിമേൽ സാംസ്കാരിക നിലയം

3) ബാലകൃഷ്ണപിള്ള സ്മാരക സാംസ്കാരിക നിലയം, ഗ്രാമം

4)ശങ്കര നാരായണൻ തമ്പി സ്മാരക സാംസ്കാരിക നിലയം, തയ്യൂർ

5)കെ.കെ.രാമചന്ദ്രൻ നായർ സാംസ്കാരിക നിലയം, കടമ്പൂർ

ഇതിൽ ക്രമ നം 1, 2 എന്നിവ സർക്കാർ അംഗീകൃത പാർട് ടൈം ലൈബ്രറികൾ ആണ്. ക്രമ നം. 5 ആയി കാണിച്ചിട്ടുള്ള ലൈബ്രറി പ്രവർത്തനം തുടങ്ങിയിട്ടില്ല. ക്രമ നമ്പർ 1, 2 എന്നിവയിൽ പാർട്ട് ടൈം ലൈബ്രേറിയൻമാരും 3, 4 എന്നിവയിൽ കമ്മറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ താത്കാലിക ലൈബ്രേറിയൻമാരെയും നിയമിച്ചിട്ടുണ്ട്. വിവിധ ലൈബ്രറികളിൽ നിന്ന് ലഭ്യമാക്കിയ രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്ന് ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ലൈബ്രറിയുടെ പേര്	2022-23 വർഷത്തിൽ അംഗങ്ങളിൽ നിന്ന് ലഭിച്ച വരുമാനം	ആകെയുള്ള ബുക്കുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം
സാംസ്കാരിക നിലയം, പെരിങ്ങിലിപ്പുറം	ഇല്ല	423	ഇല്ല
ഇലഞ്ഞിമേൽ സാംസ്കാരിക നിലയം	180	274	10
ബാലകൃഷ്ണപിള്ള സ്മാരക സാംസ്കാരിക നിലയം, ഗ്രാമം	390	408	11
ശങ്കര നാരായണൻ തമ്പി സ്മാരക സാംസ്കാരിക നിലയം, തയ്യൂർ	ഇല്ല	272	07

ഇതിൽ നിന്നും ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമല്ലായെന്ന് വ്യക്തമാവുന്നു. തുച്ഛമായ തുകയാണ് അംഗങ്ങളിൽ നിന്ന് മാസവരിയിനത്തിൽ ഈടാക്കുന്നത്. ലൈബ്രറികളുടെ പ്രവർത്തനം സംബന്ധിച്ച് ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. ലൈബ്രറികൾ നാമമാത്രമായി മാത്രം പ്രവർത്തനം നടത്തുമ്പോഴും തയ്യൂർ, ഗ്രാമം എന്നീ സാംസ്കാരിക നിലയങ്ങളിൽ നിശ്ചിത യോഗ്യതപോലും ഇല്ലാത്ത ആളുകളെ പഞ്ചായത്ത് കമ്മിറ്റിയുടെ 07-10-2016 ലെ 5-ാം നമ്പർ തീരുമാന പ്രകാരം ലൈബ്രേറിയൻമാരെ നിയമിച്ച് ഹോണറേറിയം നൽകി വരുന്നു. ടി ലൈബ്രേറിയൻമാരിൽ ഒരാൾക്ക് എസ്.എസ്.എൽ.സി-യും മറ്റൊരാൾക്ക് പ്ലസ് ടു-വുമാണ് യോഗ്യത. സർക്കുലർ നം 83/2019 /ധന/05-10-2019 പ്രകാരം അംഗീകൃത സ്ഥിരം തസ്തികകൾ ഇല്ലാതെയുള്ള താൽക്കാലിക നിയമനങ്ങൾ വ്യക്തമായ സർക്കാർ ഉത്തരവിന്റെ പിൻബലത്തോടെ ആയിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി നിയമനവുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്ന് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

1-34 അഗതി രഹിത കേരളം പദ്ധതി - ഭക്ഷ്യക്കിറ്റ് വിതരണം നടക്കുന്നില്ല

നിരാലംബരും നിർധനരുമായ കുടുംബങ്ങളുടെ സംരക്ഷണം ലക്ഷ്യമിട്ട് സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് അഗതി രഹിത കേരളം പദ്ധതി. സംസ്ഥാന സർക്കാർ കുടുംബശ്രീയുമായി സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് അഗതിരഹിതകേരളം പദ്ധതി നടപ്പാക്കുന്നത്. ഗുണഭോക്താക്കൾക്ക് അതിജീവനാവശ്യങ്ങളായ ഭക്ഷണം, ചികിൽസാ സഹായം, വസ്ത്രം, പെൻഷൻ, മക്കളുടെ വിദ്യാഭ്യാസത്തിനുള്ള സഹായം, ഭവനരഹിതർക്ക് അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, ശുചിത്വ സംവിധാനം എന്നിവയും ഈ പദ്ധതി ലക്ഷ്യമിടുന്നു.

ഓഡിറ്റ് എൻക്വയറി നം. 14/19.08.23 ന് പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കിയ വിവരപ്രകാരം അംഗീകരിച്ച അഗതി രഹിത കേരളം പദ്ധതി (2019-22) പ്രകാരം നിലവിൽ 252 ഗുണഭോക്താക്കളുണ്ട്. ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യം സംബന്ധിച്ചും അഗതികൾക്ക് പഞ്ചായത്ത് അനുവദിച്ച ആനുകൂല്യം സംബന്ധിച്ചുമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

അടിസ്ഥാന ആവശ്യം	ഗുണഭോക്താക്കളുടെ എണ്ണം	വിവിധ പദ്ധതികൾ വഴി ആനുകൂല്യം ലഭിച്ചവരുടെ എണ്ണം
വീട്	41	05

ആവശ്യമുള്ളവർ		
ഭൂരഹിതർ	15	-
കുടിവെള്ള സൗകര്യമില്ലാത്തവർ	34	
ടോയ്‌ലെറ്റ് സൗകര്യമില്ലാത്തവർ	29	
ഭവനപുനരുദ്ധാരണം ആവശ്യമുള്ളവർ	33	

അഗതികളുടെ ആവശ്യങ്ങൾ നടപ്പാക്കുന്നതിൽ ഒട്ടും തന്നെ പുരോഗതി കൈവരിച്ചിട്ടില്ലായെന്ന് കാണുന്നു. 20-11-2020 യിൽ ആണ് അവസാനമായി ചലഞ്ച് ഫണ്ട് ലഭ്യമായത്. നിലവിൽ ചലഞ്ച് ഫണ്ട് ലഭ്യമല്ലാത്തതിനാൽ ഭക്ഷ്യക്കിറ്റ് വിതരണം നടക്കുന്നില്ല. അഗതികളുടെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ഉയർത്താൻ വേണ്ടി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധയും ജാഗ്രതയും പുലർത്തേണ്ടതാണ്.

വ്യക്തമായ പ്രോജക്റ്റ് റിപ്പോർട്ട് ലഭ്യമാക്കാതെ സ്വയം തൊഴിലിന് തുക അനുവദിച്ചു

തൻവർഷം സ്വയം തൊഴിലിനായി ഒരാൾക്ക് 50000/- രൂപ അനുവദിച്ചു. പ്രോജക്റ്റുകളൊന്നും തയ്യാറാക്കി നൽകാതെ തന്നെ തുക അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. തൻവർഷം നൽകിയതുൾപ്പെടെ ആകെ 04 പേർക്ക് സ്വയം തൊഴിലിനായി തുക അനുവദിച്ചിട്ടുള്ളതായും നിലവിൽ നാല് പേരും പ്രവർത്തി നടത്തി വരുന്നതായും അറിയിച്ചിട്ടുണ്ട്. എന്നാൽ മോണിട്ടറിംഗ് നടക്കുന്നതിന്റെ രേഖകളൊന്നും ഫയലിലില്ല. അടിയന്തിരമായി മോണിറ്ററിംഗ് നടത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-35 മരുന്ന് വാങ്ങൽ-സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചില്ല

മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്റ്റുകളിൽ അലോപ്പതി മരുന്നുകൾ, പാലിയേറ്റീവ് പരിചരണങ്ങൾക്ക് ആവശ്യമുള്ള ഉപകരണങ്ങൾ എന്നിവ വാങ്ങിയിട്ടുണ്ട്.

1)മരുന്ന് വാങ്ങൽ പ്രോജക്റ്റ് നം-14/23

ചെലവ്- 344762 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)

ബിൽ തീയതി	തുക	പർച്ചേസ് രീതി	ടെണ്ടർ നേടിയ സ്ഥാപനം	മരുന്നുവാങ്ങൽ
24/16-06-22	99990	ക്വട്ടേഷൻ	നിയ ഫാർമ, മാമൂട്	മരുന്നുവാങ്ങൽ
101/10-10-22	88498	ക്വട്ടേഷൻ	നിയ ഫാർമ, മാമൂട്	മരുന്നുവാങ്ങൽ
260/04-02-23	91139	ക്വട്ടേഷൻ	ജനനൻമ മെഡിക്കൽസ്, നടക്കപ്പാടം	മരുന്നുവാങ്ങൽ
347/24-03-2023	65135	ക്വട്ടേഷൻ	ജനനൻമ മെഡിക്കൽസ്, നടക്കപ്പാടം	മരുന്നുവാങ്ങൽ
ആകെ	344762	മരുന്നുകൾ ലഭിച്ചു, സ്റ്റോക്കിൽ ഉൾപ്പെടുത്തി		

2)അതി ദാരിദ്ര്യനിർമ്മാർജനം - മരുന്ന് വാങ്ങൽ

(പ്രോജക്റ്റ് നം -168/22)

379/ 28-03-2023	70336 (വികസനഫണ്ട്-പൊതുവിഭാഗം)	ക്വട്ടേഷൻ	ജനനൻമ മെഡിക്കൽസ്, നടക്കപ്പാടം	മരുന്നുവാങ്ങൽ

3)പാലിയേറ്റീവ് കെയർ 18/2022

ചെലവ്-565942 (വികസനഫണ്ട്-പൊതുവിഭാഗം)

160/08-12-2022	83800	ക്വട്ടേഷൻ	ജനനൻമ മെഡിക്കൽസ്, നടക്കപ്പാടം	ഉപകരണങ്ങൾ വാങ്ങൽ
86/20-09-2022	83348	ക്വട്ടേഷൻ	നിയ ഫാർമ, മാമൂട്	ഉപകരണങ്ങൾ വാങ്ങൽ
330/16-03-2023	53994	ക്വട്ടേഷൻ	ജനനൻമ മെഡിക്കൽസ്, നടക്കപ്പാടം	ഉപകരണങ്ങൾ വാങ്ങൽ

1)ജില്ലാമെഡിക്കൽ ഓഫീസറുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്നുകൾ വാങ്ങുന്നതിന് അനുമതിയില്ലായെന്നിരിക്കെ KMSCL ന്റെ പൊതുവിലുള്ള NLC ഉപയോഗിച്ച് ക്വട്ടേഷൻ ക്ഷണിച്ചാണ് മരുന്നുകൾ വാങ്ങിയത്. 260/04-02-23 ബിൽ പ്രകാരം വാങ്ങിയ മരുന്ന് സംബന്ധിക്കുന്ന ഫയലിൽ ഉൾപ്പെടുത്തിയത് KMSCL നൽകിയ പൊതുവായ NLC ആണ്. സർക്കാർ നിർദ്ദേശമനുസരിച്ച് മരുന്ന് വാങ്ങലിന് ഒരു സാഹചര്യത്തിലും ക്വട്ടേഷനോ ടെണ്ടറോ മുഖാന്തിരം വാങ്ങൽ നടത്തേണ്ടതില്ല. എന്നാൽ HMC തീരുമാനം അടിസ്ഥാനമാക്കിയാണ് ഗ്രാമപഞ്ചായത്ത് മരുന്ന് വാങ്ങൽ നടത്തിയത്. കാരുണ്യ ഫാർമ്മസി മുഖാന്തിരം വാങ്ങുന്ന മരുന്നുകളും പാലിയേറ്റീവ് പരിചരണങ്ങൾക്ക് ആവശ്യമായ സാമഗ്രികളും മുൻകൂർ പണം നൽകിയിട്ടും നാളിതുവരെ ലഭിക്കാത്ത സാഹചര്യമുണ്ടെന്നും 2019 മുതൽ ഇത്തരത്തിൽ സാധനങ്ങളും മരുന്നും ലഭിക്കാനുണ്ടെന്നും ആയത് കടുത്ത ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനാൽ ക്വട്ടേഷനുകൾ ക്ഷണിച്ച് മരുന്നും പാലിയേറ്റീവ് പരിചരണങ്ങൾക്ക് ആവശ്യമായ സാമഗ്രികളും വാങ്ങുന്നതിന് തീരുമാനിച്ചു (29-10-2021 ലെ ബുധനൂർ പ്രാഥമിക ആരോഗ്യകേന്ദ്രം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി തീരുമാനം). എന്നാൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് മുഖാന്തിരം ആവശ്യപ്പെട്ടിട്ടും 2019 മുതൽ ലഭിക്കാനുള്ള മരുന്നിന്റെ വിവരങ്ങൾ, പാലിയേറ്റീവ് പരിചരണങ്ങൾക്ക് ആവശ്യമായ സാമഗ്രികളുടെ വിവരങ്ങൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല.

പതിനാലാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 7.6.4(1)(i) പ്രകാരം (സ.ഉ (കൈ)115/2022 /തസ്വഭവ തീയതി28-05-2022) അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മാത്രമെ വാങ്ങാവൂ. KMSCL യിൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ നിന്നും വാങ്ങാം. ഇവിടെ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കടക്കമുള്ള അത്യാവശ്യ മരുന്നുകൾ കാരുണ്യ, സപ്ലൈകോ, ജൻ ഔഷധി തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട്ട് ലെറ്റുകളിൽ നിന്നും വാങ്ങാവുന്നതാണ്. മാർഗ്ഗരേഖയിൽ നിന്നും വ്യതിചലിച്ച് പ്രോജക്റ്റ് നടപ്പാലാക്കിയതിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല.(ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം-28/23-08-23)

2) സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ ഒഴിവാകുന്നതിന് വേണ്ടി പർച്ചേസുകളെ വിഭജിച്ചു.

സ്റ്റോർ പർച്ചേസ് മാനുവൽ ഖ.7.7 പ്രകാരം ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടറുകൾ ക്ഷണിക്കേണ്ടതാണ്. മരുന്നുകളുടെ വാർഷിക എസ്റ്റിമേറ്റ് തയ്യാറാക്കാതെ ഒരു ലക്ഷം രൂപയിൽ താഴെയുള്ള ഡിമാന്റുകൾ തയ്യാറാക്കിയാണ് പ്രോജക്ട് നടപ്പിലാക്കിയത്. മേൽ വിവരിച്ച രണ്ട് പ്രോജക്റ്റുകൾ പ്രകാരവും ഒരു ലക്ഷത്തിന് മുകളിൽ പർച്ചേസ് ഉണ്ടായിട്ടുണ്ട്. എന്നാലിത് വാർഷിക എസ്റ്റിമേറ്റ് തയ്യാറാക്കാതെ വിഭജിച്ച് ടെണ്ടർ ഒഴിവാക്കി ഒരു ലക്ഷത്തിൽ താഴെയുള്ള തുകകളാക്കി ക്വട്ടേഷൻ മുഖാന്തിരം നടപ്പാക്കി. സ്റ്റോർ പർച്ചേസ് നിയമത്തിന്റെ ലംഘനവും വിശദീകരിക്കപ്പെട്ടില്ല.

ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്. സർക്കാർ ഉത്തരവുകളുടെ ലംഘനം നിർവ്വഹണ ഉദ്യോഗസ്ഥ വിശദീകരിക്കേണ്ടതാണ്.

1-36 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

കന്നുകുട്ടി പരിപാലന പദ്ധതിക്കായി പഞ്ചായത്ത് 2.5 ലക്ഷം രൂപ കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടർക്ക് ഒടുക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ആകയാൽ പ്രസ്തുത ചെലവ് തടസ്സപ്പെടുത്തുന്നു. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി 250000/- രൂപയുടെ ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

നിർവ്വഹണം – വെറ്ററിനറി സർജൻ
പ്രോജക്ട് നം – 116/22-23, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
അടങ്കൽ, ചെലവ് – 250000/-രൂപ
ബിൽ നം. 297/28.02.2023

1-37 ബഡ്സ് സ്കൂൾ- ഫണ്ട് ലഭ്യമായിട്ടും പ്രവർത്തനം ആരംഭിക്കേണ്ടതില്ലെന്ന് ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തു

ബഡ്സ് സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനും ബഡ്സ് സ്കൂളിനായുള്ള അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവ് നം. സ.ഉ. (എം.എസ്) 25/2018/തസ്വഭവ തീയതി. 22/02/2018 പ്രകാരം അനുവദിക്കപ്പെട്ട മുൻകൂർ 12.5 ലക്ഷം രൂപ ചെലവഴിച്ചില്ല. (ഹെഡ് കോഡ് 320800199 പ്രകാരം ബാധ്യതയായി തുടരുന്നു). ലഭിച്ച മുൻകൂർ ചെലവഴിച്ച് വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിരുന്നെങ്കിൽ അടുത്തഗഡുവായി ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന 12.5 ലക്ഷം രൂപയും മേൽ കാരണത്താൽ നഷ്ടമായി. ആദ്യഗഡുവായി ലഭിച്ച തുക തിരികെ ഒടുക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് കുടുംബശ്രീ മിഷൻ ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിരിക്കുകയാണ്. (കുടുംബശ്രീ ജില്ലാമിഷൻ കോ-ഓഡിനേറ്ററുടെ 18-04-23 ലെ 168/SD/2017/KSAPA). മുൻകൂറായി പണം ലഭ്യമായിട്ടും സ്കൂൾ ആരംഭിക്കാതിരുന്നതിന്റെ കാരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള(നം.13) മറുപടിയിൽ ബഡ്സ് സ്കൂളിന്റെ ആവർത്തന ചെലവുകൾക്ക് പഞ്ചായത്തിന്റെ തനത് വരുമാനം അപര്യാപ്തമായതിനാലാണ് സ്കൂൾ ആരംഭിക്കാതിരുന്നതെന്ന് രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 10-05-2023 ലെ 5/1 നമ്പർ തീരുമാനപ്രകാരം തുക ഗഡുക്കളായി അടച്ചുതീർക്കുന്നതിന് സർക്കാരിനോട് അനുമതി തേടിയിട്ടുമുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന നിരവധി കുട്ടികൾ ഗ്രാമപഞ്ചായത്ത് പരിധിയിലുണ്ട്. നടപ്പാക്കേണ്ടതില്ലായെന്ന തീരുമാനം ഇത്തരം കുട്ടികളെ ദോഷകരമായി ബാധിക്കുമെന്നതിലുപരി ഭാവിയിൽ ഇത്തരം പ്രോജക്റ്റുകൾ ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കുന്നതിന് വിവിധ ഏജൻസികൾ പുനർചിന്തനം നടത്തുന്ന സാഹചര്യത്തിലേക്കും നയിച്ചേക്കാം.

1-38 ബയോബിൻ, ബക്കറ്റ് ബിൻ വിതരണം - ഐ.ആർ..റ്റി.സി ക്ക് നൽകിയ കരാർ തുകയിൽ നിന്ന് നികുതികൾ കുറവ് ചെയ്തില്ല

ബയോബിൻ നൽകൽ (പ്രോജക്ട് നം.45/23), ബക്കറ്റ് ബിൻ (പ്രോജക്ട് നം.46/23) എന്നീ പ്രോജക്ടുകളിൽ ബയോബിൻ, ബക്കറ്റ് ബിൻ വിതരണത്തിനായി ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്ററുമായി(ഐ.ആർ.റ്റി.സി) കരാറിൽ ഏർപ്പെടുകയും അവ വിതരണം നടത്തപ്പെടുകയും ചെയ്തു. ബയോബിന്നിന്റെ വിലയായി 606600/- രൂപയും ബക്കറ്റ് ബിന്നിന്റെ വിലയായി 674000/- രൂപയും (ആകെ 1280600/-രൂപ) ഐ.ആർ.റ്റി.സി ക്ക് നൽകിയെങ്കിലും ബില്ലിൽ നിന്ന് ചരക്ക് സേവന നികുതി, ആദായ നികുതി എന്നിവ കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കിയിട്ടില്ല. ഈ പ്രോജക്ടുകളിൽ ആകെ ആദായനികുതിയായി (ഒരു ശതമാനം) 12806/- രൂപയും ചരക്ക് സേവന നികുതിയായി (രണ്ട് ശതമാനം) 25612/- രൂപയും പ്രസ്തുത ബില്ലുകളിൽ കുറവ് വരുത്തി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതായിരുന്നു. ഇത് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥനോട് ആരാഞ്ഞതിൽ വിതരണം പൂർത്തിയായിട്ടില്ലെന്നും അന്തിമ ബിൽ തുക നൽകിയിട്ടില്ലെന്നും അത് നൽകുമ്പോൾ മുഴുവൻ തുകയ്ക്കുമുള്ള നികുതി ഈടാക്കുന്നതാണ് എന്നുമുള്ള മറുപടിയാണ് ലഭിച്ചത്. അന്തിമ ബിൽ പ്രകാരം തുക അനുവദിക്കുമ്പോൾ മുഴുവൻ തുകയ്ക്കും ഉള്ള ചരക്ക് സേവന നികുതി, ആദായനികുതി എന്നിവ കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്. പഞ്ചായത്ത് സെക്രട്ടറി ഇക്കാര്യം ഉറപ്പുവരുത്തേണ്ടതുമാണ്.

നിർവ്വഹണം – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
ഓഡിറ്റ് അന്വേഷണം നം.- 17/21.8.2023
ചെലവ് വിവരം
ബയോബിൻ നൽകൽ (പ്രോജക്ട് നം.45/23)
അടങ്കൽ – 7.2 ലക്ഷം രൂപ
ചെലവ് – 6.066ലക്ഷം രൂപ (5.4ലക്ഷം രൂപ സംസ്ഥാനാവിഷ്കൃത ഫണ്ട്, 66600/- രൂപ ഗുണഭോക്തൃവിഹിതം)
1) റിക്വ.നം –107/22.10.22 തുക 1.8 ലക്ഷം രൂപ
2) റിക്വ.നം –364/28.03.23 തുക 0.666 ലക്ഷം രൂപ
3) റിക്വ.നം –18/14.06.22 തുക 3.6 ലക്ഷം രൂപ
ബക്കറ്റ് ബിൻ (പ്രോജക്ട് നം.46/23)
അടങ്കൽ – 8.0 ലക്ഷം രൂപ
ചെലവ് –6.74ലക്ഷം രൂപ (6.0ലക്ഷം രൂപ സംസ്ഥാനാവിഷ്കൃത ഫണ്ട്, 74000/- രൂപ ഗുണഭോക്തൃവിഹിതം)
1) റിക്വ.നം –108/22.10.22 തുക 2 ലക്ഷം രൂപ
2) റിക്വ.നം –365/28.03.23 തുക 0.74 ലക്ഷം രൂപ
3) റിക്വ.നം –19/14.06.22 തുക 4 ലക്ഷം രൂപ

1-39 ഇളക്കിമാറ്റിയ ഇന്റർലോക്ക് കട്ടകളുടെ പുനരുപയോഗം ഉറപ്പാക്കണം

പഞ്ചായത്തിലെ എണ്ണയ്ക്കാട് ആലുംമൂട് ഇലഞ്ഞിമേൽ റോഡിന്റെ പുനർനിർമ്മാണം സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തതിനെ തുടർന്ന് ഈ റോഡിൽ പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് വിരിച്ചിരുന്ന 442.5 ച.മി ഇന്റർലോക്ക് കട്ടകൾ ഇളക്കി മാറ്റി പഞ്ചായത്ത് കാര്യാലയം, കടമ്പൂർ പി.എച്ച്.സി, പെരിങ്ങിലിപ്പുറം സ്കൂൾ, ആയുർവ്വേദ ആശുപത്രി എന്നിവയുടെ പരിസരത്തായി സൂക്ഷിച്ചിട്ടുണ്ട് എന്ന് 161/23 നമ്പർ പ്രോജക്ട് ഫയലിൽ നിന്ന് വ്യക്തമാകുന്നു. ഇവ ഇപ്രകാരം സൂക്ഷിക്കുന്നതിനായി 24000 രൂപ (ചെക്ക് നം. 034989/23.03.2023) ചെലവഴിച്ചിട്ടുമുണ്ട്. ഈ ടൈലുകൾ പൂർണ്ണമായോ ഭാഗികമായോ ഏതെങ്കിലും പ്രോജക്ടുകൾക്കായി ഉപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താനായി പ്രോജക്ടുകൾ വിഭാവനം ചെയ്യുകയോ ഉണ്ടായിട്ടുണ്ടെങ്കിൽ ആ വിവരം ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/19.08.2023) മറുപടി ലഭ്യമായില്ല. റോഡ് വർക്ക് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തപ്പോൾ അനാവശ്യമായി തീർന്ന ടൈലുകൾ ശേഖരിച്ച് പുനരുപയോഗത്തിനായി സൂക്ഷിക്കാൻ പഞ്ചായത്ത് നടത്തിയ ഇടപെടൽ പ്രശംസനീയമാണ്. ശേഖരണം, സൂക്ഷിപ്പ് എന്നിവയിൽ അസിസ്റ്റന്റ് എൻജിനീയർ കൃത്യമായ ശ്രദ്ധ പുലർത്തിയിട്ടുമുണ്ട്. ഈ ടൈലുകളുടെ പുനരുപയോഗത്തിലൂടെ മാത്രമേ ഇതുവരെ നടത്തിയ പരിശ്രമത്തിന് ഫലപ്രാപ്തിയുണ്ടാകുന്നുള്ളൂ. അതിനായി പഞ്ചായത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-40 ഓഡിറ്റ് ഇംപാക്ട് - കരാർ പ്രവൃത്തിയിൽ കുറവ് ചെയ്യാതിരുന്ന ആദായ നികുതി തിരികെ ഒടുക്കി

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ ബിൽ തുകയിൽ നിന്ന് ആദായനികുതി കുറവ് ചെയ്ത് ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കിയിരുന്നില്ല. എന്നാൽ ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം (നം.3/18.8.23) നൽകിയതിനെ തുടർന്ന് തുക പ്രസ്തുത വ്യക്തി അഥവാ സ്ഥാപനത്തിൽ നിന്ന് പഞ്ചായത്ത് ഈടാക്കി.
പദ്ധതി രൂപീകരണ നിർവ്വഹണ മോണിറ്ററിംഗ് ചെലവുകൾ എന്ന പ്രോജക്ടിന്റെ(നം.78/22-23) ഭാഗമായി വിവിധ പ്രിന്റിംഗ് ജോലികൾ കരാറടിസ്ഥാനത്തിൽ ചെയ്ത എം.ജി.എം ഓഫ്സെറ്റ് എന്ന

സ്ഥാപനത്തിന് രണ്ട് ബില്ലുകളിലായി നൽകിയ 66350/- രൂപയ്ക്ക് ആദായ നികുതി കുറവ് ചെയ്തിട്ടില്ല. ഇത് വഴി ഈയിനത്തിൽ 664/- രൂപയുടെ കുറവുണ്ടായി. ഈ തുക രസീത് നം. 1230100722/18.08.23 വഴി പഞ്ചായത്തിൽ ഒടുക്കി.

തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് വേതനം നൽകൽ എന്ന പ്രോജക്ടുവഴി (നം. 91/22-23) ക്വട്ടേഷൻ ക്ഷണിച്ച് കരാറിൽ ഏർപ്പെട്ടുകൊണ്ട് പ്രവർത്തി നിർവ്വഹിച്ച ശ്രീ.വി.വിനോദിന് മൂന്ന് ബില്ലുകൾ വഴി 211680/- രൂപ അനുവദിച്ചെങ്കിലും ആദായനികുതിയായ 2117/- രൂപ കുറവ് ചയ്തില്ല. എന്നാൽ ഈ തുകയും ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഒടുക്കുവരുത്തി (രസീത് നം.1230100723/18.08.23). ആദായനികുതിയിനത്തിൽ ഈടാക്കപ്പെട്ട തുക ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതാണ്.

1-41 അങ്കണവാടി - പകുതിയിൽ കൂടുതൽ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടമില്ല.

ബുധനൂർ ഗ്രാമ പഞ്ചായത്തിലെ അങ്കണവാടികളുടെ ഭൗതിക സാഹചര്യം സംബന്ധിച്ച് ഐ.സി.ഡി.എസ് സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ബുധനൂർ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 21 അങ്കണവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 10 എണ്ണം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 09 എണ്ണം വാടക കെട്ടിടത്തിലും പ്രവർത്തിക്കുന്നു. 02 അങ്കണവാടികൾ വാടകരഹിതമായി പ്രവർത്തിക്കുന്നു. 21 അങ്കണവാടികളിലും ടോയ്‌ലെറ്റ് സൗകര്യമുണ്ട്. അങ്കണവാടികളിൽ ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഇല്ല. 04 എണ്ണത്തിന് ചുറ്റുമതിൽ ഉണ്ട്. 21 അങ്കണവാടികളിലും വൈദ്യുതി സൗകര്യം ഉണ്ട്. 21 അങ്കണവാടികളിലും കുടിവെള്ളം ലഭ്യമാണ്. എല്ലാ അങ്കണവാടികളിലും അടുക്കളയ്ക്ക് പ്രത്യേകം മുറിയുണ്ട്. സെന്റർ നം. 26 ന് കെട്ടിടം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടുണ്ട്. എല്ലാ അങ്കണവാടികളിലും ഗ്യാസ് കണക്ഷനും ആവശ്യത്തിന് ഫർണീച്ചറും പാത്രങ്ങളും ഫാൻ, ധാന്യസംഭരണികൾ എന്നിവ ലഭ്യമാണ്. 03 അങ്കണവാടികളിൽ ടെലിവിഷൻ ലഭ്യമാണ്. 01 അങ്കണവാടിയിൽ കമ്പ്യൂട്ടർ ലഭ്യമാണ്. എല്ലാ അങ്കണവാടികളും ഫിറ്റ്നെസ് ഉള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഭക്ഷ്യ സാധനങ്ങൾ സൂക്ഷിക്കാൻ ഭക്ഷ്യസംഭരണികൾ ലഭ്യമാണ്. മാതൃകാ അങ്കണവാടികൾ നിലവിലില്ല. സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം ലഭ്യമാക്കാനും മറ്റ് അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 വനിതകൾക്ക് ഇരുചക്രവാഹനം 7140/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല

പ്രോജക്ട് നം -134/23

പ്രോജക്ടിന്റെ പേര് - വനിതകൾക്ക് സ്വയം തൊഴിലിന് ഇരു ചക്രവാഹനം

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം 6 വനിതകൾക്ക് ഇരുചക്രവാഹനം വാങ്ങുന്നതിനായി സബ്സിഡി അനുവദിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കൾക്ക് ഈ ആവശ്യത്തിനായി ലോൺ ലഭ്യമാക്കുന്ന ധനകാര്യ സ്ഥാപനമായ ശ്രീറാം ഫൈനാൻസിയേസ്, ചെങ്ങന്നൂർ എന്ന സ്ഥാപനത്തിനാണ് സബ്സിഡി തുക

കൈമാറിയിട്ടുള്ളത്. വാഹനത്തിന്റെ ആർ.സി ബുക്കിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വാഹനം വാങ്ങിയത് സംബന്ധിച്ച ഇൻവോയിസ് ബിൽ സൂക്ഷിച്ചിട്ടില്ല. ഷൈമാസ് റൈഡേസ് ഹോണ്ട ചെങ്ങന്നൂർ എന്ന സ്ഥാപനത്തിൽ നിന്നാണ് വാഹനം വാങ്ങിയിട്ടുള്ളത്. ടി സ്ഥാപനത്തിന്റെ 28-02-23 ലെ കത്ത് പ്രകാരം Activa Std OBD2 എന്ന സ്കൂട്ടറിന്റെ 31-03-23 വരെയുള്ള On Road Price 94000/- രൂപയാണെന്നും ഇതിന്റെ Accessories (Side Stand –420/-, Ladies Foot Rest = 920, Mat –520, Seat Cover –520/-) ഉൾപ്പെടെയുള്ള വില 96380/- എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ/28-05-2022 ഖണ്ഡിക 6.5(10) പ്രകാരം വാഹനത്തിന്റെ എക്സ് ഷോറൂം വിലയും ജി.എസ്.ടിയും ചേർന്ന തുകയുടെ 50% സബ്സിഡിയായി നൽകാവുന്നതാണ്. വാഹനത്തിന്റെ Accessories ഉൾപ്പെടെയുള്ള വിലയായ 96380/-രൂപയുടെ 50% മായ 48190/- രൂപ വീതം ഓരോ ഗുണഭോക്താവിനും സബ്സിഡി നൽകിയിട്ടുണ്ട്. എന്നാൽ വാഹനം വാങ്ങിയതിന്റെ ഇൻവോയിസിന്റെ അഭാവത്തിൽ അനുവദിച്ച സബ്സിഡിയുടെ കൃത്യത ഉറപ്പാക്കാൻ കഴിയുന്നില്ല. അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം. 01/17.08.23 ന് നൽകിയ മറുപടിയിൽ വാഹനത്തിന്റെ ഇൻവോയിസ് ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നൽകിയ സബ്സിഡിയിൽ Accessories ന്റെ വിലയായ 2380/- രൂപയുടെ 50% ഉം ഉൾപ്പെടുന്നു. ഇപ്രകാരം ഒരാൾക്ക് Accessories ന്റെ വിലയിനത്തിൽ 1190/- രൂപ അധികത്തിൽ നൽകിയിട്ടുണ്ട്. 06 ഗുണഭോക്താക്കൾക്കായി 7140/-രൂപ (1190x6) അധികത്തിൽ ചെലവഴിച്ചിട്ടുണ്ട്. ടി തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇത് ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥയിൽ നിന്ന് തിരികെ ഈടാക്കി നിശ്ചിത ഫണ്ടിൽ അടക്കേണ്ടതാണ്.

ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ട്രഷറി ബിൽ/റഫ.നം.	തുക
22070752009801552788/29-03-23	48190
22070752009801552798/29-03-23	48190
22070752009801552805/29-03-23	48190
22070752009801552809/29-03-23	48190
22070752009801552814/29-03-23	48190
22070752009801552819/29-03-23	48190

3-2 വനിത ഗ്രൂപ്പുകൾക്ക് ജലസേചനത്തിന് മോട്ടോർ വാങ്ങൽ -18298/- രൂപ അധിക സബ്സിഡി അനുവദിച്ചു

പ്രോജക്ട് നം -171/23

പ്രോജക്ടിന്റെ പേര് - ഞങ്ങളും കൃഷിയിലേക്ക് - വനിത ഗ്രൂപ്പുകൾക്ക് ജലസേചനത്തിന് മോട്ടോർ വാങ്ങൽ

നിർവഹണം - കൃഷി ഓഫീസർ

ചെലവിന്റെ വിശദാംശം

1) 279878/- രൂപ (ട്രഷറി ബിൽ നം. 22070752012401432772/22-03-23)

2) 13842/- രൂപ (ട്രഷറി ബിൽ നം. 22070752012401432760/22-03-23)

3) 73500/- രൂപ (ചെക്ക് നം. 790500/30-03-23)

മേൽ പ്രോജക്ട് പ്രകാരം 14 വനിത ഗ്രൂപ്പുകൾക്ക് പമ്പ് സെറ്റ് വാങ്ങി നൽകിയിട്ടുണ്ട്. റെയ്ഡ്കോയിൽ നിന്നാണ് പമ്പ് സെറ്റ് വാങ്ങിയിട്ടുള്ളത്. ഒരു പമ്പിന്റെ അക്സസറീസ് ഉൾപ്പെടെയുള്ള വില 26228/- രൂപയാണ്. ഇതിന്റെ 25% ശതമാനം തുകയായ 6557/- രൂപ ഗുണഭോക്തൃവിഹിതമിനത്തിൽ പിരിക്കേണ്ടതാണ് (സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ/28-05-2022 ഖണ്ഡിക 6.1(09)). എന്നാൽ 5250/- രൂപ വീതമാണ് ഗുണഭോക്തൃവിഹിതമിനത്തിൽ ശേഖരിച്ചിട്ടുള്ളത്. ഗ്രൂപ്പുകളുടെ അപേക്ഷ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ എസ്.സി.വിഭാഗത്തിൽ ഉൾപ്പെട്ടതാണെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറി നം. 04/18.08.23 ന് നൽകിയ മറുപടിയിൽ ഗുണഭോക്തൃവിഹിതം 1307/- രൂപ കുറച്ച് ഈടാക്കിയത് പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമാണെന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്തൃവിഹിതം കുറവായി ഈടാക്കിയത് സബ്സിഡി മാർഗ്ഗ രേഖയുടെ ലംഘനമായതിനാൽ ടി മറുപടി അംഗീകരിക്കുന്നില്ല. 14 ഗുണഭോക്താക്കൾക്കായി അധിക നിരക്കിൽ ചെലവഴിച്ച സബ്സിഡി തുക 18298/- രൂപ (14x1307) നിർവഹണ ഉദ്യോഗസ്ഥയായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കി നിശ്ചിത ഫണ്ടിൽ അടക്കേണ്ടതാണ്.

3-3 വി.ഇ.ഒ നിർവ്വഹിച്ച പ്രോജക്ടുകൾ -അംഗീകൃത നിരക്കിലധികമായി സബ്സിഡി നൽകി

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച താഴെ പറയുന്ന പ്രോജക്ടുകളിൽ പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ (സ.ഉ.(കൈ) 115/2022/തസ്വഭവ തീയതി 28.05.2022) നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക നിരക്കിൽ സബ്സിഡി അനുവദിക്കുക വഴി പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചു. വിശദ വിവരം ചുവടെ ചേർക്കുന്നു.

എ) വനിതകൾക്ക് സ്വയം തൊഴിലിന് ഇരുചക്രവാഹനം – വാഹന വിലയ്ക്ക് ഒപ്പം ഇൻഷുറൻസ് , അക്സസറീസിന്റെ വില എന്നിവ കൂടി സബ്സിഡിക്ക് പരിഗണിച്ചു

വനിതകൾക്ക് സ്വയം തൊഴിലിന് മുച്ചക്രവാഹനം വാങ്ങൽ എന്ന പ്രോജക്ട് വഴി ഏഴ് ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. വാഹനവില (എക്സ് ഷോ റൂം), നികുതി എന്നിവയ്ക്കാണ് പരമാവധി 50 ശതമാനം അഥവ 50000/- രൂപ ഏതാണോ കുറവ് അത് സബ്സിഡിയായി അനുവദിക്കാവുന്നത് (പ്രസ്തുത സബ്സിഡി മാർഗ്ഗരേഖ ഭാഗം 6.5 ഇനം 10) ഹോണ്ട ആക്ടിവ Std OBD 2 മോഡൽ വാഹനമാണ് പ്രസ്തുത പദ്ധതിപ്രകാരം ഗുണഭോക്താക്കളെല്ലാം വാങ്ങിയത്. ഷൈമാസ് റൈഡേഴ്സ്, ചെങ്ങന്നൂർ എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയ ഈ വാഹനങ്ങൾക്കെല്ലാം ശ്രീ റാം ഫിനാൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നാണ് വായ്പ എടുത്തിട്ടുള്ളത്. ഈ വാഹനങ്ങളുടെ വില കണക്കാക്കിയപ്പോൾ വാഹനവില, നികുതി എന്നിവയ്ക്ക് പുറമേ ഇൻഷുറൻസ്, അക്സസറീസിന്റെ വില എന്നിവകൂടി ഉൾപ്പെട്ട തുകയാണ് സബ്സിക്കായി പരിഗണിച്ചത്. ഇപ്രകാരം ആകെ 96380/- രൂപ വില കണക്കാക്കി അതിന്റെ അൻപത് ശതമാനമായ 48190/- രൂപ സബ്സിഡിയായി അനുവദിച്ച് ശ്രീ റാം ഫിനാൻസിയേഴ്സിന് നൽകി. വാഹനവിലയിൽ 2380/- രൂപ അക്സസറീസിന്റെ വിലയാണെന്ന് ഷൈമാസ് റൈഡേഴ്സ് മനേജർ 28.02.2023 ൽ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ കത്തിൽ നിന്ന് വ്യക്തമാകുന്നു. വാഹനത്തിന്റെ ബിൽ, ഇൻഷുറൻസ് അടച്ചതിന്റെ രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല. ഇൻഷുറൻസ്, അക്സസറീസ് എന്നിവയ്ക്ക് സബ്സിഡി അനുവദിച്ചത് അംഗീകരിക്കത്തക്കതല്ല. അക്സസറീസിന്റെ വിലയ്ക്ക് സബ്സിഡി നൽകുകവഴി മാത്രം വാഹനം ഒന്നിന് 1190/- രൂപ ക്രമത്തിൽ ആകെ 8330/- രൂപയുടെ (1190x7)അധികച്ചെലവുണ്ടായി. ഇതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. ഒപ്പം വാഹനത്തിന്റെ ബിൽ, ഇൻഷുറൻസ് രേഖകളും ഓഡിറ്റിൽ ലഭ്യമാക്കുകയുണ്ടായില്ല. ആകയാൽ സർക്കാർ നിർദ്ദേശം

ലംഘിച്ചുകൊണ്ട് സബ്സിഡി ഇനത്തിൽ ഗുണഭോക്താക്കൾക്ക് അധികമായി നൽകിയ 8330/- രൂപ പണം നൽകിയ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് തിരികെ ഇടാക്കേണ്ടതാണ്. കൂടാതെ ഇൻഷുറൻസ് തുകയ്ക്ക് അനുവദിച്ച പകുതി സബ്സിഡിയും അനുവദനീയമല്ല. ഇൻഷുറൻസ് രേഖകളുടെ അഭാവത്തിൽ ഈ തുക നിർണ്ണയിക്കാനാവുന്നില്ല. ആകയാൽ ആകെ ഇനത്തിൽ ചെലവഴിച്ച 337330/- രൂപയിൽ ഓഡിറ്റ് നിരാകരിച്ച 8330/- രൂപ കിഴിച്ച് ബാക്കി 329000/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. 177/23-വനിതകൾക്ക് സ്വയം തൊഴിലിന് മുച്ചക്രവാഹനം വാങ്ങൽ
അടങ്കൽ- 350000/- രൂപ (വികസന ഫണ്ട് (ജനറൽ))
ചെലവ്- ആകെ 337330/- രൂപ (ബിൽ- 29.3.2023 401 മുതൽ 407 വരെയുള്ള 7 ബില്ലുകൾ, തുക 48190/- രൂപ വീതം)
ഓഡിറ്റ് അന്വേഷണം നം – 11/19.8.2023
ബി)കിണർ നിർമ്മാണം (ജനറൽ) – മൂല്യനിർണ്ണയം പരിഗണിക്കാതെ സബ്സിഡി നൽകി

കുടിവെള്ളക്കിണർ നിർമ്മാണം എന്ന പ്രോജക്ട് വഴി തൻവർഷം പൊതു വിഭാഗത്തിലെ പത്തൊൻപത് ഗുണഭോക്താക്കൾക്ക് സബ്സിസി നൽകിയിട്ടുണ്ട്. കുടിവെള്ള കിണർ നിർമ്മാണത്തിന് പൊതു വിഭാഗത്തിന് കിണറിന്റെ നിർമ്മാണ മൂല്യത്തിന്റെ അൻപത് ശതമാനത്തിൽ നിജപ്പെടുത്തിക്കൊണ്ട് പരമാവധി 17500/- രൂപയാണ് അനുവദിക്കാവുന്നത് (പ്രസ്തുത സബ്സിഡി മാർഗ്ഗരേഖ ഭാഗം 6.6 ഇനം1). എന്നാൽ മേൽപ്പറഞ്ഞതിൽ നാല് ഗുണഭോക്താക്കൾക്ക് ഓവർസിയർ ലഭ്യമാക്കിയ മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയ മൂല്യത്തിന്റെ അൻപത് ശതമാനത്തിൽ അധികം സബ്സിഡി അനുവദിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര് (1)	അനുവദിച്ച സബ്സിഡി (രൂപ) (2)	കിണറിന്റെ മൂല്യം(രൂപ) (3)	അനുവദനീയമായ പരമാവധി സബ്സിഡി (മൂല്യത്തിന്റെ 50%) (രൂപ) (4)	അധികം നൽകിയ സബ്സിഡി (രൂപ) (2-4)
ദേവകി നാണു	17500	29500	14750	2750
സുരേഷ് .എം	17500	34000	17000	500
സൗമിനി.എസ്	17500	34000	17000	500
വിനുതമ്മ.ജി	17500	34000	17000	500
ആകെ				4250

ഇപ്രകാരം അധിക സബ്സിഡി അനുവദിക്കാനുണ്ടായ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയും ലഭ്യമായില്ല. ഈ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശം ലംഘിച്ചുകൊണ്ട് സബ്സിഡി ഇനത്തിൽ ഗുണഭോക്താക്കൾക്ക് അധികമായി നൽകിയ 4250/- രൂപ പണം നൽകിയ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് തിരികെ ഇടാക്കേണ്ടതാണ്.

പ്രോജക്ട് നം. 17/23-കുടിവെള്ളക്കിണർ നിർമ്മാണം
അടങ്കൽ- 507500/- രൂപ (വികസന ഫണ്ട് (ജനറൽ)- 57200രൂപ, സി.എഫ്.സി ഗ്രാന്റ് -450300/- രൂപ)
ചെലവ്- ആകെ 330250/- രൂപ (വികസന ഫണ്ട് (ജനറൽ)52500/- രൂപ, സി.എഫ്.സി ഗ്രാന്റ് 277750/- രൂപ)
ബിൽ- 373/28.3.2023 – 52500/- രൂപ (വികസന ഫണ്ട് (ജനറൽ))

P63/20.3.2023 – 122500/- രൂപ (സി.എഫ്.സി ഗ്രാന്റ്)

P67/23.3.2023- 34500/- രൂപ

P78/28.3.2023-120750/- രൂപ (ഓഡർ നം. 370/28.03.2023; മേൽപ്പറഞ്ഞ നാല് ഗുണഭോക്താക്കൾക്കു പണം നൽകിയത് ഈ ബിൽ മുഖേനെയാണ്)

ഓഡിറ്റ് അന്വേഷണം നം – 11/19.8.2023

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2022-23	137800	ഹരിത കേരളം നെൽകൃഷി വികസനം (പ്രോ.നം. 57)	137800	0
		1300000	ലൈഫ് മിഷൻ എസ് സി പി (പ്രോ. നം.97)	1300000	0
		77194	അനുപൂരക പോഷകാഹാര വിതരണം എസ് സി പി (പ്രോ.നം. 11)	77194	0
		200000	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോ.നം.110)	200000	0
		500000	അംഗൻവാടി കെട്ടിട നിർമ്മാണം വാർഡ് 4 (പ്രോ.നം.160)	500000	0
		200000	പാലിന് ഇൻസെന്റീവ്	200000	0
ജില്ലാ പഞ്ചായത്ത്	2022-23	500000	ഹരിത കേരളം നെൽകൃഷി വികസനം (പ്രോ.നം. 57)	500000	0
		540000	ലൈഫ് മിഷൻ എസ് സി പി (പ്രോ. നം.97)	540000	0
		90000	ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (പ്രോ.നം.110)	90000	0
		195600	അനുപൂരക പോഷകാഹാര വിതരണം (പ്രോ.നം. 10)	195600	0
		200000	പാലിന് ഇൻസെന്റീവ്	200000	0

4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി

നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ/ ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
എം.ജി.എൻ.ആർ. ഇ.ജി.എസ് സെൽ	അങ്കണവാടി കെട്ടിട നിർമ്മാണം	ബിൽ നം.413/31.03.23	200000	0	200000
എം.ജി.എൻ.ആർ. ഇ.ജി.എസ് സെൽ	മിയാവാക്കി വനസൃഷ്ടി	ബിൽ നം.383/28.03.23	5000	0	5000
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്	സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ	ബിൽ നം.344/ 23.03.23	50000+ 920668	0	970668
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്	പോസ്റ്റ് ഷിഫ്റ്റിംഗ്	ബിൽ നം.276/16.02.23 ബിൽ നം.324/16.02.23	126062	61573 64489	126062

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക (ഉറവിടത്തിൽ കുറവ് ചെയ്ത തുക)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ്	ലഭ്യമായില്ല	1310931 + 156636 *	2462433	1160756		2767244

(കറക്ഷൻ എൻട്രി നടത്തി 156636 രൂപ മുൻവർഷം ബാധ്യത യായി നിൽക്കുന്ന തുക ക്രമീകരിച്ചിട്ടുണ്ട്)

4-5 സ്ഥിര നിക്ഷേപം

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിശദാംശം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	31245161
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	41347249
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല.
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	38018
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	1435962

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1		7140	സുജാഭായി, അസിസ്റ്റന്റ് സെക്രട്ടറി
3-2		18298	പാർവ്വതി.സി, കൃഷി അസിസ്റ്റന്റ്(ഇൻചാർജ്ജ്)
3-3(എ)		8330	പ്രതീപ്.കെ, വി.ഇ.ഒ
3-3(ബി)		4250	പ്രതീപ്.കെ, വി.ഇ.ഒ
ആകെ		38018	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-22	329000	പ്രതീപ്.കെ, വി.ഇ.ഒ
1-23	282000	സുജാഭായി, അസിസ്റ്റന്റ് സെക്രട്ടറി
1-24	348922	പാർവ്വതി.സി, കൃഷി അസിസ്റ്റന്റ്(ഇൻ ചാർജ്ജ്)
1-25	183900	മിനിമോൾ എം.എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ
1-27 എ	176062	ജി.മനോജ്, സെക്രട്ടറി
1-27 ബി	205000	ജി.മനോജ്, സെക്രട്ടറി
1-29	10000	ഷീജ.വി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ
1-36	250000	ഡോ.തോമസ് ചെറിയാൻ, വെറ്റിനറി സർജൻ
ആകെ	1784884	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

1-30

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും

സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ജി.മനോജ്, സെക്രട്ടറി	സെക്രട്ടറി ബുധനൂർ ഗ്രാമ പഞ്ചായത്ത്.	പാപ്പാടിയിൽ ഹൌസ്, വേരുവള്ളി ഭാഗം, കായംകുളം പി ഒ
പ്രതീപ്.കെ, വി.ഇ.ഒ	വി ഇ ഒ, ബുധനൂർ ഗ്രാമപഞ്ചായത്ത്	മുളക് തോപ്പിൽ, കൊട്ടയ്ക്കാട്ട്ശ്ശേരി, എൽ.എസ് നൂറനാട് പി ഒ
സുജാഭായി, അസിസ്റ്റന്റ് സെക്രട്ടറി	അസിസ്റ്റന്റ് സെക്രട്ടറി, മാന്നാർ ഗ്രാമപഞ്ചായത്ത്	കുരട്ടിയിൽ ഹൌസ് കുരട്ടിക്കാട് പി ഒ, മാന്നാർ
മിനിമോൾ എം.എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ	ഐ.സി.ഡി.എസ്, ആലാ ഗ്രാമപഞ്ചായത്ത്	ഹരിചന്ദനം, കല്ലിമേൽ പി.ഒ, മാവേലിക്കര
ഷീജ.വി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എൻജിനീയർ, ബുധനൂർ ഗ്രാമപഞ്ചായത്ത്	താഴതിൽവീട്, മംഗലത്ത് നഗർ, പുന്തലപാലം, കിളികൊല്ലൂര്
ഡോ.തോമസ് ചെറിയാൻ, വെറ്ററിനറി സർജൻ	വെറ്ററിനറി സർജ്ജൻ, ബുധനൂർ വെറ്ററിനറി ഡിസ്പെൻസറി	മണലിൽ ഹൌസ്, മുണ്ടൻകാവ് പി.ഒ, ചെങ്ങന്നൂർ
പാർവ്വതി.സി, കൃഷി അസിസ്റ്റന്റ് ഗ്രേഡ് I (ഇൻചാർജ്ജ്)	കൃഷി അസിസ്റ്റന്റ്(ഇൻചാർജ്ജ്) ബുധനൂർ ഗ്രാമപഞ്ചായത്ത്	തോട്ടായിൽ ഹൌസ്, പെരിങ്ങിലിപ്പുറം എണ്ണക്കാട്.പി.ഒ.

4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1989-90, 1990-91	എൽ.എഫ്.എ.3/932/93/01.10.1993
1991-92	എൽ.എഫ്.എ.3/49/1994/11-02-1994
1992-93, 1993-94, 1994-95	എൽ.എഫ്.എ8/129/1999/17-05-1999/7-7-99
1995-96	എൽ.എഫ്.എ8/365/99/16-08-99/6-10-99
1997-98	എൽ.എഫ്.എ8/728/99/19-05-2001/10-08-2001
1998-99	എൽ.എഫ്.എ8/517(A)/2000/28-07-2001/10-08-2001
2001-02	എൽ.എഫ്.എ8/517(A)/2000/28-07-2001/10-08-2001
2002-03	എൽ.എഫ്.എ11/357/2006/11-10-2006/01-06-2007

2004-05	കെ.എസ്.എ/എ.എൽ.പി-പി3/1259/2022/02-05-2023
2005-06	കെ.എസ്.എ/എ.എൽ.പി-പി3/1259/2022/02-05-2023
2006-07, 2007-08	എൽ.എഫ്.എ/1577/2013/12-05-2014
2008-09, 2009-10	കെ.എസ്.എ/എ.എൽ.പി-പി3/1259/2022/02-05-2023
2010-11, 2011-12	കെ.എസ്.എ/എ.എൽ.പി-പി3/1259/2022/02-05-2023
2012-13, 2013-14	കെ.എസ്.എ/എ.എൽ.പി-പി3/1259/2022/02-05-2023
2014-15	കെ.എസ്.എ/എ.എൽ.പി-പി3/1259/2022/02-05-2023
2015-16	കെ.എസ്.എ/എ.എൽ.പി-പി3/1259/2022/02-05-2023
2016-17	കെ.എസ്.എ/എ.എൽ.പി-പി3/1259/2022/02-05-2023
2017-18	കെ.എസ്.എ/എ.എൽ.പി/പി5-7/290/19/06.06.2019
2018-19	കെ.എസ്.എ-എ.എൽ.പി/പി5-905/19 /25.11.2019
2019-20	കെ എസ് എ- എ എൽ പി- പി3-349/2022/27.3.2022
2020-21	കെ എസ് എ- എ എൽ പി-പി3-350/2022/7.5.2022
2021-22	കെ എസ് എ- എ എൽ പി-പി3-/2022/.2022

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യലയം, ആലപ്പുഴ

Annexure 1

Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 22-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Budhannur Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Budhannur Grama Panchayat for the year 2022-2023

Date: 31/10/2023

Deputy Director
District Office Alappuzha
Kerala State Audit Department

Audit Report appended to the Audit Certificate of Budhannur Grama Panchayat for the Year 2022-2023.

1.Major Observations

Nil

2.Other Observations

1).The following Mandatory financial statements prescribed in accounting rules are not incorporated with AFS.

a)Ratios

b)Notes on accounts

2) Net Increase/Decrease in cash flow does not match with the difference between the opening balance

and closing balance of of cash and cash equivalents.

3) No realtime demand generation in accounting procedure.

4) Travel allowance advances has not been adjusted till date.

5)Advance given to MGNREGS for administrative expenses mismatches with the entries in AFS.

6) Register for advance given to various implementing agencies is not maintained properly hence its accuracy could not be verified in audit.

7) Advances for various projects were accounted as payment in accounting softwere.

8)The pension information included in the annual figures does not match the service software information.

9)The previous year's income is not included in the current year's demand. so the previous year's advance collection of employment tax has not been converted into this year's demand.

10) Beneficiary share is included in the annual accounts as a liability, The registers to check the correctness of the amount were not produced for verification.

11) Audit recovery amount remains in panchayat fund 350 400 999 included in the head (Recovery Payable). if it is to be paid to the government, the amount should be paid to the treasury.

12) In Schedule B-9, the following heads are negative numbers. The reason should not be explained. Head Code-350200201,350200203,350200205,350200206,350300199

13) Part bill not accounted as capital work in progress.

14) Amount included as capital work in progress not converted into asset. Adequate journal entry has not been made for the amount included as capital work in progress and converted into an asset. The amount for 2021-22 remains the same.

15) Post-dated cheques not transferred to stale check.

16) Bank Reconciliations were done by showing the cheques from 2019 onwards as Cheque Issued but not presented as per Bank Reconciliation Statement of Own Fund Account in Kerala Bank. Similarly, cheques from 2021 onwards are standing as Cash/Check Deposited Not Collected. Explanation should be made available.

17) The amount of Rs.-2800000/- under head 450210104 was not explained.

18)The amount included in the head 350400501, Rs.160000/- (the amount paid to Savitri Amma/Rajasekaran Pilla) was not credited in the account, but the amount came in the NEFT return and was given to another beneficiary (Payment-29-08-22) but still the amount has not been transferred from the liability head.

19) Audit recovery register not maintained. Under head 350300109 Rs.181364/- remains to be paid back to the government. The correctness of the amount due to the Government could not be verified as no audit recovery register was maintained.

20) Audit recovery incorrectly accounted. Even if there is income in audit recovery due to selection of wrong head, it is not included as liability in the annual accounts.

Deputy Director

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ബുധനൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്